# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.16 | No.5 | കാർത്തികപ്പള്ളി | R.No. 7361/02 | 2016 JUNE

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


## തലൈ കുത്തൽ



പ്രൊഫ. എം. പ്രിയംവദയുമായി നടത്തിയ അഭിമുഖം

തമിഴ്നാട്ടിലെ വിരുദുനഗർ, തേനി, മധുര തുടങ്ങിയ ജില്ലകളിൽ മനുഷ്യത്വരഹിതവും നിയമ വിരുദ്ധവുമായ തലൈകുത്തൽ എന്ന ദുരാചാരം ഇപ്പോഴും നിലനിൽക്കുന്നുവെന്ന് റിപ്പോർട്ട്. മദ്രാസ് സർവകലാശാലയിലെ ക്രിമിനോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫ. എം. പ്രിയംവദ നടത്തിയ പഠനത്തിലാണ് ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുവന്നിരിക്കുന്നത്. വൃദ്ധരെ അവരുടെ കുടുംബാംഗങ്ങൾ തന്നെ കൊല്ലുന്ന പരമ്പരാഗതമായ ആചാരമാണ് തലൈകുത്തൽ.

ബലംപ്രയോഗിച്ചോ നിർബന്ധപൂർവമോ നടപ്പിലാക്കുന്ന ദയാവധമാണ് തലൈകുത്തൽ. ഒറ്റദിവസം കൊണ്ട് ആളെ ഇല്ലാതാക്കുന്നതല്ല തലൈക്കുത്തൽ. അതിന് ചില രീതികളൊക്കെയുണ്ട്. ദയാവധത്തിന് ഇരയാക്കേണ്ടയാളെ അതിരാവിലെ തലയിലും ശരീരത്തിലും ധാരാളം എണ്ണ ഒഴിച്ച് കുളിപ്പിക്കും. തണുത്ത വെള്ളത്തിലാണ് കുളിപ്പിക്കുന്നത്. ഈ സമയം തലയിൽ ധാരാളമായി വെള്ളം ഒഴിക്കും. തല നല്ലപോലെ തണുത്ത് ശരീരത്തിലെ താപനില കുറയുന്നതിനും പനിയും ജ്വരവും പെട്ടെന്ന് പിടിപെടുന്നതിനും വേണ്ടിയാണിത്. കുളിച്ചു കഴിഞ്ഞാൽ മൂന്നോ നാലോ ഗ്ലാസ് ഇളനീർ കുടിപ്പിക്കും. അതോടെ ന്യുമോണിയ, കടുത്ത പനി, അപസ്മാരം എന്നിവ ബാധിക്കും. ഒന്നോ രണ്ടോ ദിവസം കൊണ്ട് ആൾ നിതാന്തനിദ്ര പ്രാപിക്കും. തലൈകുത്തൽ മാത്രമല്ല, വൃദ്ധരെ ഒഴിവാക്കാൻ വെള്ളത്തിൽ മണ്ണു കലക്കി കുടിപ്പിക്കുക, മൂക്കടച്ച് പാൽ കുടിപ്പിക്കുക തുടങ്ങിയ വിദ്യകളുമുണ്ടത്രേ. ചിലപ്പോൾ മൂക്കിലേക്ക് പശുവിൻപാൽ നിർബന്ധപൂർവ്വം ഒഴിച്ച് ശ്വാസതടസവും സൃഷ്ടിക്കും. ചിലപ്പോൾ വിഷം ചേർത്തും നൽകും. വിവിധ രീതികളിൽ ഇവിടെ ഇത്തരം കൊലപാതകങ്ങൾ നടക്കുന്നുണ്ടെന്ന് പഠനം വ്യക്തമാക്കുന്നു.

തമിഴ്നാട്ടിലെ ചില ഭാഗങ്ങളിൽ നടന്നുവരുന്ന ഈ ദയാവധത്തെ ഭൂരിഭാഗം ആളുകളും ആചാരത്തിന്റെ ഭാഗമായാണ് കാണുന്നത്. പരമ്പരാഗത രീതികളിലൂടെയായിരുന്നു മുമ്പ് ജീവനെടുത്തിരുന്നതെങ്കിൽ ഇപ്പോൾ മാരകവിഷവും ഉറക്കഗുളികകളും ഒക്കെയാണ് ആളെ കൊല്ലാൻ ഉപയോഗിക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു. മുമ്പു ബന്ധുക്കളെയും നാട്ടുകാരെയും വിളിച്ചു ചേർത്തു പരസ്യമായാണ് നടത്തിയതെങ്കിൽ ഇപ്പോൾ വളരെ രഹസ്യമായാണ് ഇതു നടത്തുന്നത്.

## വിശ്വസിച്ചാലും ഇല്ലെങ്കിലും



ഒരു പുലിയുടെ മുന്നിൽപ്പെട്ടാൽ നിങ്ങൾ എന്ത് ചെയ്യും? നമ്മൾ ഒന്നും ചെയ്യേണ്ട പുലി തന്നെ എല്ലാം ചെയ്തോളും എന്നതാണ് ഉത്തമമായ മറുപടി. എന്നാൽ മറ്റൊരു മറുപടിയാണ് ഊ കിം പോൾഹുട്ടറിനു പറയാനുള്ളത്. മൃഗങ്ങളുടെ ചിത്രങ്ങൾ പകർത്താനായി കാട്ടിൽ കയറിയ കിം അവിചാരിതമായി ചീറ്റപ്പുലിയുടെ മുന്നിൽ പെടുകയായിരുന്നു. അതും ഒന്നല്ല, രണ്ടു ചീറ്റപ്പുലികൾക്കിടയിലാണ് കിം പെട്ടത്. സിംബാബ്‌വേയിലാണ് സംഭവം. നിലത്ത് കിടന്നു ചിത്രം പകർത്തുന്നതിനിടെ വെറുതെ ഒന്ന് തല ചെരിച്ചു നോക്കിയപ്പോഴാണ് കണ്ടത്, തന്റെ മുന്നിൽ രണ്ടു ചീറ്റപ്പുലികൾ നിൽക്കുന്നു. എഴുന്നേറ്റ് ഓടിയാലോ എന്നാണ് ആദ്യം ചിന്തിച്ചത്. എല്ലാം തീർന്നു എന്നോർത്ത് നിസഹായതയോടെ ചീറ്റകൾക്കു മുന്നിൽ ഇരിക്കാനെ കിമ്മിന് കഴിഞ്ഞുള്ളു. ഇപ്പോൾ വിശപ്പില്ല കുറച്ച് കഴിയട്ടെ എന്ന മട്ടിൽ ഒരു ചീറ്റ കിമ്മിനരികിൽ വന്നിരുന്നു. രണ്ടാമത്തെ ചീറ്റയാകട്ടെ, ഇരയെ രുചിച്ചു നോക്കാം എന്നു കരുതി മുന്നോട്ടുവന്ന് കിമ്മിന്റെ കാലിന്റെ പെരുവിരലിൽ കടിച്ചു. മരണം മുന്നിൽ കണ്ട് ഇരുന്ന കിമ്മിന് മുന്നിൽ മറ്റൊന്നാണ് സംഭവിച്ചത്. കടിച്ച ശേഷം ക്ഷമ പറയുന്നതുപോലെ നക്കിത്തുടച്ച് പിന്നോട്ട് മാറിനിന്നാണ് ചീറ്റപ്പുലി കിമ്മുമായി സൗഹൃദത്തിലായത്. ജീവൻ തിരിച്ചുകിട്ടിയ സന്തോഷത്തിൽ, തന്റെ കാൽ വേദനിപ്പിക്കാതെ കടിച്ച് രസിക്കുന്ന ചീറ്റയുടെ ഫോട്ടോയും ഇവർക്ക് ഒപ്പം നിന്ന് ഒരു സെൽഫിയും കൂടി എടുത്തിട്ടാണ് കിം വനത്തിൽനിന്നു മടങ്ങിയത്.

## ഒരു റഷ്യൻ വിവാഹം ചെലവ് 6800 കോടി



വധുവിന്റെ ഗൗണിനു വില 6.8 കോടി രൂപ. കിരീടത്തിന് 4.7 കോടി. വിവാഹമംഗളഗാനമാലപിക്കാൻ ജെന്നിഫർ ലോപ്പസും പെട്രീഷ്യ കാസും പോലുള്ള സൂപ്പർ താരങ്ങൾ. റഷ്യയിലെ മാധ്യമ രാജാവ് മിഖേൽ ഗട്ട്സെരിയേവ് മകൻ സെയ്ദി (28)ന്റെ വിവാഹത്തിനു പൊടിച്ചത് 6,800 കോടി രൂപ. വിദ്യാർഥിനിയായ ഖദീജ ഉസ്ഖോവ്സി (20)യെയാണു സെയ്ദ് വിവാഹം കഴിച്ചത്. മുസ്ലിം മതാചാരപ്രകാരമായിരുന്നു നിക്കാഹ്. മോസ്കോയിലെ ആഡംബര റെസ്റ്റോറന്റ് "സാഫിസ"യിൽ വച്ചായിരുന്നു കല്യാണം. പുക്കളാൽ പൊതിഞ്ഞ നിലയിലായിരുന്നു വിവാഹവേദിയും അതിഥികൾക്ക് ഒരുക്കിയ സ്ഥലവും. പാരീസിൽ നിന്ന് ഇറക്കുമതി ചെയ്ത വിവാഹ ഗൗണിന് 13 കിലോയോളം ഭാരമുണ്ടായിരുന്നു. ഗൗൺ ചുളുങ്ങാതെ വധുവിനു വിവാഹവേദിയിലെത്താൻ നിരവധിപ്പേരുടെ സഹായംവേണ്ടിവന്നു. വജ്രം പതിപ്പിച്ച ബാഗുമായാണു വധു വിവാഹവേദിയിലെത്തിയത്. അപൂർവ വജ്രങ്ങളാണ് ആഭരണങ്ങൾക്ക് ഉപയോഗിച്ചത്. ഇവയുടെ വില സംബന്ധിച്ചു റഷ്യൻ മാധ്യമങ്ങൾക്കു കൃത്യത പോര. ഓക്സ്ഫഡ് സർവകലാശാലയിൽനിന്നു ബിരുദമെടുത്തയാളാണു വരൻ. ഇപ്പോൾ പിതാവിനെ വ്യവസായത്തിൽ സഹായിക്കുന്നു.റഷ്യയിൽ ഗട്ട്സെരിയേവിന്റെ വ്യവസായ സാമ്രാജ്യം വളർന്നത് അതിവേഗമാണ്. പെട്രോളിയം മേഖലയിൽനിന്നും അദ്ദേഹത്തിനു കോടികളുടെ വരുമാനമുണ്ട്.

## ബൈക്കിൽ സഞ്ചരിക്കുന്ന ചീങ്കണ്ണി

അമേരിക്കയിലെ ഫ്ളോറിഡ സ്വദേശിനിയായ മേരി തോൺ ഇപ്പോൾ വലിയൊരു പോരാട്ടത്തിലാണ്. അവരുടെ പ്രിയപ്പെട്ട വളർത്തുമൃഗത്തെ സംരക്ഷിക്കാനുള്ള അവകാശം തനിക്കുതന്നെ വിട്ടുതരണമെന്ന ആവശ്യവുമായാണ് അവർ സമരത്തിനിറങ്ങുന്നത്. മേരിയുടെ പ്രിയപ്പെട്ട വളർത്തുമൃഗമാണ് റാംബോ എന്ന ചീങ്കണ്ണി. 15 വയസ് പ്രായമുള്ള റാംബോയെക്കുറിച്ച് പറയാൻ മേരിക്ക് നൂറു നാവാണ്. മനുഷ്യരെപ്പോലെ വസ്ത്രം ധരിച്ചാണ് നടത്തം. ഓൾടെറെയ്ൻ വാഹനം ഓടിക്കാൻ കക്ഷി മിടുക്കനാണ്. മാത്രമല്ല ആംഗ്യഭാഷ മനസിലാക്കി പ്രവർത്തിക്കാനും കഴിയും. ചീങ്കണ്ണിയെ സംരക്ഷിക്കണമെങ്കിൽ കുറഞ്ഞത് 2.5 ഏക്കർ വലിപ്പമുള്ള തുറന്ന പ്രദേശം കണ്ടെത്തണമെന്ന് ഫ്ളോറിഡ വന്യജീവി കമ്മീഷൻ മേരിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ഫേസ്ബുക്കിലൂടെ മേരി സഹായം അഭ്യർഥിച്ചിരിക്കുന്നത്.



വീടിനുള്ളിൽ കഴിഞ്ഞാണ് 15 വയസുകാരൻ റാംബോയ്ക്ക് ശീലം. മാത്രമല്ല, നല്ല ട്രെയിനിംഗും നല്കിയിട്ടുണ്ട്. കുട്ടികളെ വളരെയധികം ഇഷ്ടപ്പെടുന്ന റാംബോ കുട്ടികൾ അടുത്തു വന്നാൽപ്പിന്നെ വായ തുറക്കില്ലെന്നും മേരി പറയുന്നു.


## വേഡ് ഓഫ് ദ ഇയർ



ഇത്തവണ ഓക്സ്ഫഡ് ഡിക്ഷണറിയടെ വേഡ് ഓഫ് ദ ഇയറായി തിരഞ്ഞെടുത്തത് ഒരു വാക്കിനെയല്ല, ഇമോജിയെയാണ്. മൊബൈലിലും കമ്പ്യൂട്ടറിലുമെല്ലാം സന്ദേശങ്ങൾ അയക്കുമ്പോൾ നമ്മളെല്ലാം ഉപയോഗിക്കാറുള്ള ആഹ്ലാദ കണ്ണീരാണ് (ഫേസ് വിത്ത് ടിയേഴ്സ് ഓഫ് ജോയ്) വേഡ് ഓഫ് ദ ഇയർ ആയത്. ചരിത്രത്തിലാദ്യമായാണ് ഒരു ഇമോജി വേഡ് ഓഫ് ദ ഇയർ ആയി ഡിക്ഷണറിയിൽ സ്ഥാനം പിടിക്കുന്നത്.


| ചെയർമാൻ | ഡിറക്ടർ | വേദാഭിമാനി | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി. എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | കളർ I ഡിജിറ്റൽ I ഇ–പേപ്പർ ലഭ്യമാണ് | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.50 \| മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |

# ഒന്നും പറയാത്ത സുവിശേഷം



ദൈവത്തിൽ കേന്ദ്രീകൃതമാകാതെ സ്വയത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതത്തിൽ നാം തുടരുമ്പോൾ നമ്മുടെ കണക്കുകൂട്ടലുകൾ പിഴയ്ക്കുന്നു. ആയിരക്കണക്കിനു വർഷങ്ങൾ മനുഷ്യൻ തെറ്റായ ഒരു നിഗമനത്തെ (ഭൂമിയാണ് കേന്ദ്രബിന്ദു എന്നുള്ള) ശരിയെന്നു കരുതി ജീവിച്ചതുപോലെ നമുക്കും നൂറു ശതമാനം തെറ്റിയിരിക്കെത്തന്നെ മറിച്ചുള്ള ധാരണയിൽ ജീവിക്കാൻ കഴിയും. പല "നല്ല മനുഷ്യരിലും" ഇന്ന് നാം കാണുന്നത് ഈ പ്രവണതയാണ്. ഒരേ ബൈബിളിനെപ്പറ്റി വൈവിദ്ധ്യമുള്ള വ്യാഖ്യാനങ്ങൾ ഉണ്ടായിരിക്കയും ഓരോ കൂട്ടരും അവരുടെ പക്ഷം ശരി എന്നും കരുതി മുമ്പോട്ടുപോകുകയും ചെയ്യുന്ന അവസ്ഥ. മറ്റുള്ളവർ 'വഞ്ചിക്കപ്പെട്ടിരിക്കുന്നു' എന്ന് ഓരോ കൂട്ടരും പറയുന്നു. ഈ ദുരവസ്ഥയ്ക്കു കാരണം മനുഷ്യന്റെ 'കേന്ദ്രം' ശരിയല്ലാത്തതിനാലത്രേ. മനുഷ്യൻ തന്നിൽത്തന്നെയല്ല ദൈവത്തിൽ കേന്ദ്രീകൃതമായി ജീവിക്കാൻ സൃഷ്ടിക്കപ്പെട്ടവനത്രേ. ക്രിസ്ത്യാനികളുടെ ഈ കേന്ദ്രം തെറ്റുമ്പോൾ അവരുടെ 'സുവിശേഷവും' തെറ്റിപ്പോകുന്നു. അടിസ്ഥാനപരമായി രണ്ട് വിധത്തിലുള്ള സുവിശേഷങ്ങൾ മാത്രമേ ഇന്ന് പ്രസംഗിക്കപ്പെടുന്നുള്ളു. ഒന്ന് മനുഷ്യനിൽ കേന്ദ്രീകൃതമാണ് മറ്റേത് ദൈവത്തിലും.

'അനുതാപത്തേക്കുറിച്ച് ഒന്നും പറയാത്ത സുവിശേഷം' വ്യാജസുവിശേഷമാണ്. സ്നാപകയോഹന്നാൻ, യേശു, പൗലോസ്, പത്രോസ് എന്നിവരും മറ്റെല്ലാ അപ്പോസ്തോലന്മാരും ആദ്യം പ്രസംഗിച്ചത് അനുതപിക്കാനാണ്. നിർഭാഗ്യകരമെന്നു പറയട്ടെ, ഇന്ന് അവസാനത്തെ കാര്യമായിട്ടുപോലും പലയിടങ്ങളിലും അനുതാപം പ്രസംഗിക്കപ്പെടുന്നില്ല!! എന്നാൽ ദൈവത്തിൽ കേന്ദ്രീകൃതമായ യഥാർത്ഥ സുവിശേഷം അനുതാപം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. യഥാർത്ഥ അനുതാപം ഒരുവന്റെ ജീവിതത്തിൽ കേന്ദ്രമായിരിക്കുന്ന സ്വയത്തിൽ നിന്നും (സ്വന്ത ഇഷ്ടം ചെയ്യുന്നതിൽനിന്ന്, ദ്രവ്യാഗ്രഹത്തിൽനിന്ന്, ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിക്കുന്നതിൽനിന്ന്) തിരിയുന്നതാണ്. അപ്പോൾതന്നെ യഥാർത്ഥ അനുതാപം ഒരുവൻ ദൈവത്തിലേക്ക് (മുഴുഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്നതിലേക്ക്,സ്വന്തജീവിതത്തിൽ ദൈവത്തെ കേന്ദ്രമാക്കി അവിടുത്തെ ഹിതം മാത്രം ചെയ്യുന്നതിലേക്ക്) തിരിയുന്നതുമാണ്.

ക്രിസ്തുവിന്റെ ക്രൂശുമരണത്തിലുള്ള വിശ്വാസം അനുതപിക്കുന്ന ഒരുവന്റെ പാപങ്ങൾക്കുമാത്രമെ മോചനം നൽകുന്നുള്ളൂ. നാൾതോറും തന്നെത്താൻ നിഷേധിച്ചുകൊണ്ട് ജീവിക്കുക. ദൈവത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതത്തിനുള്ള ശക്തി അപ്പോൾ മാത്രമേ ലഭ്യമാകൂ. ഇതാണ് യേശുവും അപ്പൊസ്തലന്മാരും പ്രസംഗിച്ച സുവിശേഷം. വ്യാജസുവിശേഷം ഒരുവന് കടക്കാനുള്ള വാതിൽ വലിപ്പമുള്ളതും നടക്കാനുള്ള വഴി വിശാലവും ആക്കുന്നു (ഈ മാർഗ്ഗത്തിലൂടെ ജീവിതം എളുപ്പമായിരിക്കും. കാരണം, തന്നെത്താൻ നിഷേധിക്കുകയോ സ്വന്തതാല്പര്യങ്ങൾക്കും ലാഭത്തിനും വേണ്ടി ജീവിക്കുന്നത് മതിയാക്കുകയോ ചെയ്യേണ്ടിവരുന്നില്ല എന്നതുതന്നെ) ഇത്തരം വ്യാജസുവിശേഷം പ്രസംഗിക്കുന്നിടത്ത് വലിയ പുരുഷാരം കടന്നുവരികയും പലരും ജീവനിലേക്ക് നയിക്കുന്നതെന്ന് തെറ്റിദ്ധരിച്ച് വിശാലമായ വഴിയേ നടക്കാൻ തുടങ്ങുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ അവർ നാശത്തിലേക്കാണ് നയിക്കപ്പെടുന്നത്. ഇത്തരം സുവിശേഷകന്മാർ യേശുവിനായി തീരുമാനം എടുക്കുകയും കൈകൾ ഉയർത്തുകയും ചെയ്തവരേക്കുറിച്ചുള്ള കണക്കുകൾ നിരത്തിവയ്ക്കും. ആത്മാർത്ഥതയുള്ള ചിലർ യഥാർത്ഥമായി അത്തരം മീറ്റിംഗുകളിൽ മാനസാന്തരപ്പെടുന്നു എന്നത് സത്യമാണെങ്കിലും അവരിൽ മിക്കവരും അവരുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ച് വഞ്ചിക്കപ്പെട്ടവരായി 'ഇരട്ടിനരക'ത്തിന് യോഗ്യരായിത്തീരുകയത്രേ ചെയ്യുന്നത്.

യഥാർത്ഥ സുവിശേഷം, യേശു പറഞ്ഞതുപോലെ പ്രവേശിക്കാനുള്ള വാതിലിനെ ഇടുക്കമുള്ളതും നടക്കാനുള്ള പാതയെ ഞെരുക്കമുള്ളതും ആയിത്തന്നെ കാണിക്കുന്നു. ജീവനിലേക്കുള്ള വഴി കണ്ടെത്തുന്നവർ ചുരുക്കമത്രേ എന്ന് യേശു പറഞ്ഞ വാക്കുകൾ സത്യം. ഈ സുവിശേഷം പ്രസംഗിക്കുന്നവർക്ക് വലിയ കണക്കുകൾ ഒന്നും നിരത്തിവയ്ക്കാനുണ്ടാവില്ല. എന്നാൽ ഈ യഥാർത്ഥ സുവിശേഷം ജനത്തെ കർത്താവിലേക്കും സ്വർഗ്ഗത്തിലേക്കും നയിക്കുന്നതത്രേ.

മറ്റുള്ളവർ പറയുന്നതിൽനിന്ന് വ്യത്യസ്തമായി പറയുന്നത് എന്തിനാണ് എന്ന് പലരും എന്നോട് ചോദിക്കാറുണ്ട്. യഥാർത്ഥ ആത്മീയത എന്താണെന്ന് വ്യക്തമാക്കുമ്പോൾ അതിനെ വിമർശനമായിട്ടാണ് പലരും കാണുന്നത്. വാസ്തവത്തിൽ ജീവിക്കാൻ വേണ്ടിയും ജീവിതത്തിനുവേണ്ടിയുമുള്ള ആത്മീയം ഉണ്ട്. ഇത് പലരും തിരിച്ചറിയുന്നില്ല. ഇത് വേർതിരിച്ച് വ്യക്തമാക്കുമ്പോൾ വിമർശനമായി വ്യാഖ്യാനിക്കപ്പെടുന്നു. പാരമ്പര്യങ്ങളിൽ നിന്നും പ്രസ്ഥാനങ്ങളിൽ നിന്നും ഉപദേഷ്ടാക്കന്മാരിൽനിന്നുമല്ല ദൈവവചനത്തിൽനിന്നാണ് മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടത്.

ദൈവവചന സത്യങ്ങൾ ജനത്തെ ബോധ്യപ്പെടുത്തുമ്പോൾ ആത്മീയ വ്യവസായികൾ അത് വിമർശനമായി വ്യാഖ്യാനിച്ച് ഞങ്ങളെ ശത്രുക്കളായി ചിത്രീകരിക്കുന്നു. വിശ്വാസികളെ അനാത്മീയവത്ക്കരിച്ച് ആത്മീയതയെ അവരറിയാതെ കൊടിയ ചൂഷണത്തിനു വിധേയമാക്കുന്ന വ്യവസായമാണ് പ്രസ്ഥാനവത്ക്കരിക്കപ്പെട്ട സഭകളുടെ മുഖ്യ ലാഭമാർഗ്ഗം. അവർക്കുവേണ്ടി നാവടക്കി പണിയെടുക്കാൻ വേദാഭിമാനിക്കാവില്ല. മുതലെടുപ്പോ ചൂഷണമോ ഒരിക്കലും ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ദൈവവചനമാണ് ഞങ്ങൾ പഠിപ്പിക്കുന്നത് താൽക്കാലിക നേട്ടങ്ങൾക്കല്ല നിത്യജീവിത യാഥാർത്ഥ്യങ്ങൾക്കാണ് വേദാഭിമാനി ഊന്നൽ നൽകുന്നത്.

ഇന്ന് അനുഗ്രഹമായി വാഴ്ത്തപ്പെടുന്ന സമ്പത്ത് കൊടികുത്തി വാഴുന്നത് തകർന്നടിഞ്ഞ ആത്മീയത്തിന്റെ മുകളിലാണ്. ആത്മീയതയെ എങ്ങനെ ഉയിർത്തെഴുന്നേൽപ്പിക്കാം എന്നാണ് വിശ്വാസസമൂഹം ആലോചിക്കേണ്ടത്. കാര്യസാധ്യത്തിനായി, ആഗ്രഹപൂർത്തീകരണത്തിനായി ഏത് അവിശുദ്ധ കൃത്യത്തിനും മുതിരുന്ന വിശ്വാസികളെ ഇവിടെയുള്ളൂവെങ്കിൽ ഇന്നത്തെ ജഡാവസ്ഥയിൽ നിന്ന് ഒരിക്കലും മോചനം ഉണ്ടാവുകയില്ല.

"നിങ്ങൾ എങ്ങനെ കേൾക്കുന്നു എന്ന് സൂക്ഷിച്ചുകൊൾക. കേട്ട കാര്യങ്ങൾ അനുസരിക്കുന്നവന് കൂടുതൽ വെളിച്ചവും തിരിച്ചറിവും നൽകപ്പെടും. എന്നാൽ കേട്ട കാര്യങ്ങൾ അനുസരിക്കാത്തവന് തനിക്ക് ഉണ്ടെന്നു നിരൂപിക്കുന്ന വെളിച്ചവും തിരിച്ചറിവും കൂടെ നഷ്ടമാകുകയേയുള്ളൂ" (ലൂക്കോ.8:18 സ്വതന്ത്രപരിഭാഷ).

കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

# സാഹോദര്യത്തിന്റെ നിരാസം മദം പൊട്ടിയ മതാത്മകതയു



കഴിഞ്ഞലക്കം തുടർച്ച

ദൈവത്തിന്റെ ഛായയിൽ, കുടുംബമായി വളരാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യർ പരസ്പരം സഹോദരങ്ങളാണെന്നു തിരിച്ചറിയണം. ശത്രുവായി കരുതി വകവരുത്തുകയല്ല, സഹോദരനായി കണ്ടു സംരക്ഷിക്കുകയാണ് വേണ്ടത്. "എനിക്കറിയില്ല, സഹോദരന്റെ കാവൽക്കാരനാണോ ഞാൻ" എന്ന ചോദ്യത്തിൽ നുണയും ധിക്കാരവുമുണ്ട്. സഹോദരന്റെ രക്തംപുരണ്ട കയ്യിലെ കറ കഴുകിക്കളയാനോ ഒളിച്ചുവയ്ക്കാനോ കഴിയില്ല. അതിനാൽ മതത്തിന്റെയും ദൈവത്തിന്റെയും പേരിൽ, വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും മറവിൽ നടക്കുന്ന യുദ്ധങ്ങൾക്കും പീഡനങ്ങൾക്കും നരഹത്യയ്ക്കും ഒരു ന്യായീകരണവുമില്ല. ദൈവം എല്ലാ മനുഷ്യരുടെയും സ്രഷ്ടാവും പിതാവും ആണെന്നും, മനുഷ്യരെല്ലാം സഹോദരങ്ങളാണെന്നുമുള്ള അടിസ്ഥാനസത്യം അംഗീകരിക്കാതെ സാമൂഹ്യനീതി സാധ്യമല്ല.

സഹോദരന്റെ കാവൽ എന്റെ ഉത്തരവാദിത്തമല്ല എന്നു ധിക്കാരം പറഞ്ഞ കയീന്റെ മനോഭാവത്തെ തിരുത്തിക്കുറിക്കുന്നതാണ് രക്ഷാചരിത്രം. വിശ്വാസികളുടെ പിതാവ് എന്നറിയപ്പെടുന്ന അബ്രഹാമിന്റെ മനോഭാവത്തിൽ ഈ രക്ഷാചരിത്രത്തിന്റെ ഒരു വശം ദൃശ്യമാകുന്നു. വേലക്കാർ തമ്മിലുണ്ടായ കലഹം തങ്ങളുടെ ബന്ധത്തെ ബാധിക്കുമോ എന്നു ഭയന്ന അബ്രഹാം സഹോദരപുത്രനായ ലോത്തിനോടു പറഞ്ഞു: "നമ്മൾ തമ്മിലും നമ്മുടെ ഇടയന്മാർ തമ്മിലും കലഹമുണ്ടാകരുത്. കാരണം, നമ്മൾ സഹോദരങ്ങളാണ്" (ഉല്പ.13:8). കലഹിക്കരുത്, നമ്മൾ സഹോദരങ്ങളാണ് എന്ന മനോഭാവമാണ് സമൂഹത്തിൽ ശാന്തിയും സമാധാനവും നിലനിർത്തുക. അതുതന്നെയാണ് സാമൂഹ്യനീതിയുടെ അടിസ്ഥാനം. ഈ ഒരു മനോഭാവത്തിന് ബൈബിൾ തന്നെ അനേകം ഉദാഹരണങ്ങൾ നല്കുന്നുണ്ട്. പരസ്പരം അകന്നുപോയ യിശ്മായേലും യിസഹാക്കും പിതാവിന്റെ മരണസമയത്ത് ഒരുമിച്ചു; സഹോദരന്മാർ ഒന്നിച്ച് പിതാവിനെ സംസ്കരിച്ചു (ഉല്പ.25:8). ജ്യേഷ്ഠനെ വഞ്ചിച്ച്, പിതാവിന്റെ അനുഗ്രഹം വാങ്ങി, ഒളിച്ചോടിയ യാക്കോബും അവസരം കിട്ടുമ്പോൾ അവനെ കൊല്ലും എന്നു ശപഥം ചെയ്ത ഏശാവും വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടിയത് ശത്രുക്കളായല്ല, പരസ്പരം സ്നേഹിക്കുന്ന സഹോദരങ്ങളായാണ് (ഉല്പ. 27:41; 33:4). തന്നെ കൊല്ലാൻ ശ്രമിക്കുകയും പിന്നെ അടിമയായി വിൽക്കുകയും ചെയ്ത സഹോദരങ്ങൾ അനേക വർഷങ്ങൾക്കുശേഷം തന്റെ മുമ്പിൽ ഭയന്നുവിറച്ചു നിൽക്കുമ്പോൾ യോസഫ് പ്രതികാരത്തിനു ശ്രമിക്കുകയല്ല, സാഹോദര്യം ഊട്ടിയുറപ്പിക്കുകയാണ് ചെയ്തത് (ഉല്പ.45:4–5).

ഇസ്രായേൽ ജനംതന്നെ ഒരു കൂട്ടായ്മയായിരുന്നു. പന്ത്രണ്ടു സഹോദരങ്ങളിൽ നിന്നുത്ഭവിച്ച പന്ത്രണ്ടു ഗോത്രങ്ങളുടെ ഒരു സാഹോദര്യം; പരസ്പരം സംരക്ഷിക്കാനും കാവൽ നിൽക്കാനും പ്രതിജ്ഞാബദ്ധരാകേണ്ടവർ. മനുഷ്യരെല്ലാം സഹോദരങ്ങളാണ് എന്ന സത്യം തന്റെ ശിഷ്യന്മാർ അംഗീകരിച്ച് നിരന്തരം അതനുസരിച്ചു ജീവിക്കണം എന്നാണ് യേശു പഠിപ്പിച്ചത്. ശിഷ്യസമൂഹത്തിലെ ശുശ്രൂഷകൾ സ്ഥാനമാനങ്ങൾക്കുള്ള തീട്ടൂരങ്ങളല്ല, സാഹോദര്യം ഉറപ്പിക്കാനുള്ള ഉത്തരവാദിത്തങ്ങളാണ് എന്നു ഗുരുനാഥൻ പഠിപ്പിച്ചു. "നിങ്ങൾക്ക് ഒരു ഗുരുവേയുള്ളു, നിങ്ങളെല്ലാം സഹോദരന്മാരാണ്" (മത്താ.23:8). യേശുവിന്റെ സഭ സഹോദരന്മാരുടെ കൂട്ടായ്മയാണ്.

അപരനിലൂടെ എന്നെ സമീപിക്കുന്നതും, എന്റെ സ്നേഹവും പരിഗണനയും കാവലും ആവശ്യപ്പെടുന്നതും താൻ തന്നെയാണെന്ന ഗുരുമൊഴിയിൽ ഈ സത്യം അതിന്റെ പൂർണ്ണതയിൽ പ്രകടമാകുന്നു. "എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കാൻ തന്നു... എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്തായി 25:35–40).

അതിനാൽ അപരനെ സഹോദരനായി കണ്ട് സ്നേഹിക്കാൻ പ്രേരിപ്പിക്കാത്ത മതവും വിശ്വാസവും സ്വാർത്ഥ താൽപ്പര്യങ്ങളാണ് ലക്ഷ്യംവയ്ക്കുന്നത്. "ഉദരമാണ് അവരുടെ ദൈവം" (ഫിലി. 3:19; റോമ. 16:18) എന്ന വി. പൗലോസിന്റെ വിലാപം ഈ സത്യത്തിന്റെ വ്യക്തമായ പ്രഖ്യാപനമാണ്. മനുഷ്യരെല്ലാം പസ്പരം സഹോദരങ്ങളായി അംഗീകരിച്ച് സ്നേഹം പങ്കിടുന്നിടത്ത് യഥാർത്ഥ സാമൂഹ്യനീതി സംജാതമാകും. അതാണ് ബൈബിൾ വെളിപ്പെടുത്തുന്ന ദൈവിക പദ്ധതി.




ഇഷ്ടപ്പെട്ട ചാനൽ കാണുന്നതിനായി വിദ്യാർത്ഥിനികളായ രണ്ടു സഹോദരിമാർ തമ്മിലുള്ള തർക്കം മൂത്ത് മൂത്തസഹോദരിയെ അനുജത്തി കൊലപ്പെടുത്തിയ സംഭവം ഏതാനും വർഷങ്ങൾക്കുമുമ്പ് തിരുവനന്തപുരം നഗരത്തിൽ നടന്നത് നടുക്കത്തോടെ മാത്രമേ ഓർക്കാൻ സാധിക്കുകയുള്ളു. രണ്ടു സഹോദരിമാരും പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവരായിരുന്നു.

യൂറോപ്യൻ രാജ്യങ്ങളിൽ ടെലിവിഷന്റെ സ്വാധീനത്തെ കുറിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ നടത്തിയ പഠനം ശ്രദ്ധേയമാണ്. 24 മണിക്കൂറിനുള്ളിൽ വിവിധ ചാനലുകളിലായി 50 കൊലപാതകങ്ങളെങ്കിലും



# ടെലിവിഷനും ഇന്റർനെറ്റും തിരിച്ചറിയേണ്ട ചില യാഥാർത്ഥ്യങ്ങൾ

പ്രദർശിപ്പിക്കുന്നു. സ്കൂളുകളിൽ ഇതിന്റെ ഫലം കാണാനുമുണ്ട്. കുട്ടികൾ സ്കൂളിൽ പോകുമ്പോൾ ആയുധങ്ങളും കരുതുന്നു. ബർലിൻ നഗരത്തിലുണ്ടാകുന്ന 45 ശതമാനം കുറ്റങ്ങളും ചെയ്യുന്നത് 14നും പതിനെട്ടിനും മദ്ധ്യേ പ്രായമുള്ളവരാണ്. ഫ്രാൻസിൽ കുട്ടികൾ ആഴ്ചയിൽ 670 ബലാൽസംഗങ്ങളും 87 പൈശാചിക കൊലപാതകങ്ങളും കാണുന്നു. തൽഫലമായി കുഞ്ഞുങ്ങൾക്കുനേരെയുള്ള ലൈംഗികാക്രമണം വളരെ കൂടുന്നു. മാത്രവുമല്ല, വിദ്യാർത്ഥികളും ലൈംഗിക വൈകൃതങ്ങളിൽ അധികമായി ചെന്നുപെടുന്നു.

ബ്രിട്ടണിൽ ആറുവയസ്സുകാരായ രണ്ടു കുട്ടികൾ ചേർന്ന് രണ്ടുവയസ്സുള്ളൊരു പിഞ്ചുകുഞ്ഞിനെ ആരും കാണാതെ എടുത്തുകൊണ്ടുപോയി കല്ലുകൊണ്ടിടിച്ചുകൊന്ന് റെയിൽപാളത്തിൽ കൊണ്ടുചെന്നിട്ടു. തങ്ങൾ കണ്ട സിനിമയിൽ നിന്നാണീ ക്രൂരകൃത്യം ചെയ്യാനിവർക്ക് പ്രേരണ ലഭിച്ചതത്രേ.

ടെലിവിഷൻ കുടുംബങ്ങളിൽ സജീവസാന്നിധ്യം അലങ്കരിക്കുന്നു. കുട്ടികൾ പ്രവൃത്തിദിവസങ്ങളിൽ 2-3 മണിക്കൂർ ടി. വി. കാണുന്നു. ഒഴിവു ദിനങ്ങളിൽ 6-12 മണിക്കൂർ കാണും. പഠനത്തിന് ഇതിനേക്കാൾ കൂടുതൽ സമയം മിക്ക വിദ്യാർത്ഥികളും മാറ്റിവയ്ക്കുന്നില്ല. അറിവ് പകരുക, കാഴ്ചപ്പാടുകൾ രൂപികരിക്കുക, വിനോദം നൽകുക എന്നിവയാണ് പ്രധാനമായും ടെലിവിഷന്റെ മുഖ്യലക്ഷ്യം. ഇതിന് പറ്റിയ പരിപാടികൾ ടി. വി. ചാനലിൽ നിരന്തരം സംപ്രേഷണം ചെയ്യുന്നു. പ്രേമം, സ്നേഹം, അക്രമം ഇവ സീരിയലുകളിലൂടെയും സിനിമയിലൂടെയും അവതരിപ്പിക്കുന്നു. വർഷങ്ങളോളം നീളുന്ന മെഗാസീരിയലുകൾ ചാനലുകൾ സംപ്രേഷണം ചെയ്തുകൊണ്ട് ജനപ്രിയ സീരിയലുകളായി പ്രഖ്യാപിക്കുന്നു. ലൈംഗികതയുടേയും അതിക്രമങ്ങളുടേയും അതിപ്രസരം പരമ്പരകളിൽ അരങ്ങുതകർക്കുന്നു.

അതിരുകടക്കുന്ന ലൈംഗികതയും അക്രമങ്ങളും ചിത്രീകരിക്കുന്ന ചാനലുകൾ ഇത്തരം പരിപാടികളെ സാമാന്യവൽക്കരിക്കുകയും പരമ്പരാഗത മൂല്യങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നു. ഈ പരിപാടികൾ വീക്ഷിക്കുന്ന വിദ്യാർത്ഥികളിൽ മൂല്യബോധം നശിക്കുകയും ധാർമ്മിക ചിന്തകൾ വികലമാകുകയും ചെയ്യും. ആധ്യാത്മിക മൂല്യങ്ങളെ അവമതിക്കുന്ന ചിത്രീകരണങ്ങൾ വീക്ഷിക്കുന്ന വിദ്യാർത്ഥികളിൽ നിഷേധാത്മക മനോഭാവവും മതനിരാസവും, മൂല്യങ്ങളോട് മമതയില്ലായ്മയും മനസ്സിൽ ഭയവും വിദ്വേഷവും വളർത്താനിടയാവും.

ഇന്നത്തെ കുട്ടികൾ മാധ്യമങ്ങളുടെ ലോകത്താണ് ജീവിക്കുന്നത്. മാധ്യമങ്ങളെ മാറ്റിനിർത്തിയുള്ള ജീവിതം ഇന്ന് സാധ്യമല്ല. ഇളംമനസ്സുകളിൽ വന്നുപതിയുന്ന അതിനൂതനവും ആകർഷകവുമായ ദൃശ്യങ്ങളും സങ്കേതികവിദ്യകളും അവരെ സ്വതന്ത്ര ലോകത്തേക്ക് ആനയിക്കുന്നു. എല്ലാറ്റിനേയും നിയന്ത്രണമില്ലാതെ സ്വാഗതം ചെയ്യാൻ തുടങ്ങുന്നത് ആപത്തുകൾ ക്ഷണിച്ചുവരുത്തും. ഇവിടെയാണ് മാതാപിതാക്കളും അധ്യാപകരും ക്രിയാത്മകമായി ഇടപെടേണ്ടിവരുന്നത്. നിഷ്ഠൂരമായ ഹിംസകളും ലൈംഗിക അരാജകത്വം വളർത്തുന്ന പ്രവർത്തികളും തടയേണ്ടത് ഇവരുടെ ചുമതലയാണ്.

മാധ്യമങ്ങളുടെ ശക്തമായ സ്വാധീനം അംഗീകരിച്ചു കൊണ്ടുതന്നെ അവയുടെ വൈജ്ഞാനിക വിനോദ മൂല്യങ്ങളെ സർവ്വാത്മനാ സ്വീകരിക്കുവാനും കേവലം വൈകാരിക ഭാവങ്ങളേയും ഹിംസാത്മകമായ ആവിഷ്ക്കാരങ്ങളെ അവഗണിക്കുവാനുമുള്ള ആർജ്ജവം വിദ്യാർത്ഥികൾ വളർത്തിയെടുക്കണം. അധ്യാപകരും മാതാപിതാക്കളും ഇതിന് വിദ്യാർത്ഥികളെ സഹായിക്കുകയും വേണം.





## ഗ്രീക്ക് സംസ്ക്കാരം

ഏഥൻസ്, സ്പാർട്ട് എന്നിവയാണ് പുരാതന ഗ്രീസിലെ പ്രധാന നഗരരാഷ്ട്രങ്ങൾ. ഇതിൽ സ്പാർട്ടയാണ് ഗ്രീസിലെ ഏറ്റവും വലിപ്പമേറിയ രാജ്യം. ഗ്രീക്ക് നഗരരാഷ്ട്രങ്ങളുടെ സംസ്കാരം ക്ലാസിക് സംസ്കാരം എന്നറിയപ്പെടുന്നു. ആകാശത്തിന്റെയും ഇടിമിന്നലിന്റെയും ദേവനായ സിയൂസ് ആണ് പ്രധാന ദേവൻ.

കലയുടെയും കൈത്തൊഴിലിന്റെയും ദേവതയാണ് അഥീന. സിയുസ് ദേവനെ പ്രീതിപ്പെടുത്താനാണ് ഒളിമ്പിക്സ് ആരംഭിച്ചത്. ജനാധിപത്യ സമ്പ്രദായമാണ് ഗ്രീക്ക് സംസ്കാരത്തിന്റെ ഏറ്റവും വലിയ സംഭാവന. ഗ്രീക്കുകാർ ആര്യന്മാരായിരുന്നു, അവരുടെ ഉത്ഭവസ്ഥാനം ഡാനുബ് നദീതടമായിരുന്നു. പെരിക്ലിയസാണ് പുരാതന ഏഥൻസിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരി. അക്ഷരമാലയിൽ സ്വരാക്ഷരങ്ങൾ ആദ്യമായി അവതരിപ്പിച്ചത് ഗ്രീക്കുകാരാണ്. ബി. സി. 12 മുതൽ ഒമ്പതുവരെയുള്ള ഗ്രീക്ക് ജീവിതത്തെക്കുറിച്ച് അറിവുതരുന്ന രണ്ട് ഇതിഹാസങ്ങളാണ് ഗ്രീക്ക് കവി ഹോമർ രചിച്ച ഇലിയഡും ഒഡീസിയും. 'പ്രൊമിത്തിയൂസ്' എന്ന നാടകമെഴുതിയ ആകിലസ് ആണ് ഗ്രീക്ക് ദുരന്തനാടകങ്ങളുടെ ഉപജ്ഞാതാവ്. ദുരന്ത നാടകങ്ങളിൽ പ്രമുഖൻ സോഫോക്ലിസ് ആണ്. ചരിത്രത്തിന്റെ പിതാവായ ഹെറോഡോട്ടസ്, തുസിഡൈഡസ്, പ്ലൂട്ടാർക്ക് എന്നിവർ പ്രാചീന ഗ്രീസിലെ പ്രസിദ്ധ ചരിത്രകാരന്മാരാണ്. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ എന്നിവരാണ് ഗ്രീസിലെ പ്രധാന തത്വജ്ഞാനികൾ. വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രാറ്റസ്, ജ്യാമിതിയുടെ ആചാര്യനായ യൂക്ലിഡ്, ഹിപ്പാർക്കസ് (ചന്ദ്രബിംബത്തിന്റെ വ്യാസവും ഭൂമിയിൽനിന്ന് ചന്ദ്രനിലേക്കുള്ള ദൂരവും കണ്ടുപിടിച്ചു.) ഭൂമിയുടെ ചുറ്റളവ് കണ്ടെത്തിയ ഇറാത്തോസ്തനീസ് എന്നിവർ പ്രാചീന ഗ്രീസിൽ ജീവിച്ചിരുന്നു. വാസ്തുവിദ്യയുടെ മകുടോദാഹരണമാണ് അഥീനയിലെ പാർഥിനോൺക്ഷേത്രം.

ഗ്രീക്ക് തലസ്ഥാനമായ ഏഥൻസിലെ പ്രത്യക്ഷ ജനാധിപത്യ ഭരണസമ്പ്രദായത്തിന്റെ സുവർണകാലം പെരിക്ലിസിന്റെ കാലമായിരുന്നു. ബി. സി. 776-ലാണ് ഒന്നാമത്തെ ഒളിമ്പിക്സ് നടന്നത്. ആധുനിക ഒളിമ്പിക്സ് നടന്നത് 1896.

## പേടി ഇല്ലാതാക്കാൻ



പേടിയെ ഇല്ലാതാക്കാൻ ഒരു വഴി കണ്ടുപിടിച്ചിരിക്കുന്നു! കേട്ടിട്ട് വിശ്വാസമായില്ലേ? അമേരിക്കയിലെ ഏതാനും ശാസ്ത്രജ്ഞന്മാർ ചേർന്ന് എലികളുടെ തലച്ചോറിൽനിന്നും പേടിക്കു കാരണമായ ജീൻ എടുത്തു മാറ്റി. അതോടെ എലിക്കു പേടി ഇല്ലാതായത്രേ. ഒരു കൂസലുമില്ലാതെ എലി പൂച്ചകളുടെ മുന്നിലൂടെ കൂളായി നടക്കാൻ തുടങ്ങി.

മനുഷ്യരിലും ഈ പരീക്ഷണം നടത്തി തലച്ചോറിലെ പേടി ജീൻ ഇല്ലാതാക്കിയാൽ ആർക്കും ആരെയും പേടിക്കാതെ ജീവിക്കാമെന്നാണ് ഗവേഷകർ പറയുന്നത്. ഈ ജീൻ നീക്കം ചെയ്യുന്നതുകൊണ്ട് ഓർമ്മശക്തിയിലും ബുദ്ധിയിലുമൊന്നും വ്യത്യാസം ഉണ്ടാവുകയുമില്ലത്രേ!



# ഒരുനാളും കൈവിടാത്ത ദൈവം



**കഴിഞ്ഞലക്കം തുടർച്ച 4**



ടി.എം. വർഗ്ഗീസ് ഓതറ

### വിധവമാരായ നവോമിയേയും രൂത്തിനേയും പോറ്റിയ ദൈവം

വിധവയായ നവോമിയുടെയും, നവോമിയുടെ മരുമകളായ രൂത്തിന്റെയും ചരിത്രം പ്രാധാന്യമുള്ള ഒരു ചരിത്രസംഭവമായി വി. ബൈബിളിൽ നിലകൊള്ളുന്നു.

നവോമിയുടെ ഭർത്താവും യൗവ്വനക്കാരായ തന്റെ രണ്ട് ആൺമക്കളും മരിച്ചുപോയശേഷം, വിധവയായ നവോമി തന്റെ സ്വന്തദേശമായ ബേത്‌ലഹേമിലേക്കു മടങ്ങിപ്പോകുവാൻ തീരുമാനിച്ച് യാത്രയായി. തന്റെ വിധവകളായ രണ്ടു മരുമക്കളും അവളോടുകൂടെ പോകുവാൻ തീരുമാനിച്ച് ഇറങ്ങിത്തിരിച്ചെങ്കിലും, മൂത്ത മരുമകളായ ഓർപ്പ അമ്മാവിയമ്മയെ ചുംബിച്ചശേഷം തന്റെ സ്വന്തഭവനത്തിലേക്കും ചാർച്ചക്കാരുടെ അടുക്കലേക്കും മടങ്ങിപ്പോയി. എന്നാൽ രൂത്ത് തന്റെ അമ്മാവിയമ്മയിൽ നിന്നും കേട്ടറിഞ്ഞ യിസ്രായേലിന്റെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നവോമിയോടുകൂടെ യാത്രയായി. ഇതാ രണ്ടു വിധവമാർ മോവാബ് ദേശത്തുനിന്നും കാൽനടയായി അപ്പത്തിന്റെ ഭവനമായ ബേത്‌ലഹേമിലേക്കു യാത്ര ചെയ്യുന്നു. ആർ സഹായിക്കും, ആർ സംരക്ഷിക്കും എന്നുള്ള മാനുഷിക ചിന്തകൾ അവരെ ഭരിക്കുന്നുണ്ടെങ്കിലും അവർ അബ്രഹാമിന്റെ ദൈവത്തിൽ മാത്രം ആശ്രയിച്ചുകൊണ്ടുള്ള വിശ്വാസ യാത്രയാണ് ചെയ്യുന്നത്. രൂത്ത് നവോമിയോടു: 'നിന്റെ ദൈവം എന്റെ ദൈവം' എന്ന് വായ്കൊണ്ട് ഏറ്റുപറഞ്ഞ്, അമ്മാവിയമ്മയെ വിട്ടുപിരിയാതെ, വിശ്വാസത്തിന്റെ ചുവടുകൾ മുന്നോട്ടുവച്ച് യാത്ര ചെയ്തപ്പോൾ തന്നേ അബ്രഹാമിന്റെ ദൈവം അവൾക്കുവേണ്ടി ഏറ്റവും നല്ലതു കരുതി. വൃദ്ധയും വിധവയുമായ നവോമിയെ ദൈവം പോറ്റിയ വിധവും അവളുടെ അന്ത്യവും എത്ര അനുഗ്രഹിക്കപ്പെട്ടതായിരുന്നു. അവൾ മരിക്കുന്നതിനു മുമ്പേ യിസ്രായേലിൽ വിശ്രുതനായ ദാവീദ് രാജാവിന്റെ വല്യപ്പനായ ഓബേദിനെ മടിയിൽ കിടത്തി പരിചരിക്കുവാനുള്ള ഭാഗ്യം നവോമിക്കു ലഭിച്ചു (രൂത്ത് 4:16). വിധവയായ നവോമിയെ സ്നേഹിച്ച് ശുശ്രൂഷിച്ച രൂത്തിനെ ദൈവം മാനിച്ചു. സ്വന്തദേശത്തേയും ഭവനത്തേയും വിട്ടുപിരിഞ്ഞ് യിസ്രായേലിന്റെ ദൈവത്തിൽ ആശ്രയിച്ച് ദൈവജനത്തോടു ചേർന്ന രൂത്തിനെ, യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനും ലോകരക്ഷിതാവുമായ കർത്താവായ യേശുക്രിസ്തുവിന്റെ വല്യമ്മച്ചി എന്ന പദവിയിലേക്കു ദൈവം ഉയർത്തി മാനിച്ചു (മത്താ.1:5).

### നയീനിലെ വിധവയുടെ കരച്ചിൽ കണ്ടു മനസ്സലിഞ്ഞ ദൈവം.

നയീനിലെ വിധവയുടെ ഏക ആശ്രയമായിരുന്ന അവളുടെ ഏകജാതനായ മകൻ മരിച്ചിട്ടു അടക്കുവാനായി കൊണ്ടുപോകുന്ന വിലാപയാത്രയിൽ കരഞ്ഞു തളർന്നവശയായ വിധവയും, അവളുടെ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ട് ഒരു വലിയ പുരുഷാരവും സെമിത്തേരിയിലേക്കു നടന്നുനീങ്ങി. പട്ടണവാതിലിനു വെളിയിലായപ്പോൾ ഇതാ യേശുവും ശിഷ്യന്മാരും യേശുവിനെ അനുഗമിക്കുന്ന ഒരു വലിയ പുരുഷാരവും എതിരെ വരുന്നു. യേശുവിനെ കണ്ടറിഞ്ഞ ഈ വിധവ യേശുവിനെ നോക്കിക്കൊണ്ട് അത്യുച്ചത്തിൽ നിലവിളിച്ചത് യേശുവിന്റെ ഹൃദയത്തെ പിടിച്ചു കുലുക്കി. യേശു ചെയ്തിട്ടുള്ള അത്ഭുതങ്ങൾ കേട്ടറിഞ്ഞിട്ടുള്ള ഈ വിധവ യേശുവിനെ നോക്കി നിലവിളിച്ചതിന്റെ അർത്ഥം എന്തെന്ന് യേശുവിനു നല്ലവണ്ണം മനസ്സിലായി. മനസ്സലിവുള്ള കർത്താവ് അവളുടെ ഹൃദയവേദന അറിഞ്ഞുകൊണ്ട് അവളുടെ ഈ അതിദുഃഖത്തിൽ നിന്നും അവളെ വിടുവിപ്പാൻ തീരുമാനിച്ചുകൊണ്ട് അവളുടെ അടുത്തു ചെന്നിട്ട് കരയേണ്ട എന്നു പറഞ്ഞു. ആ വാക്കിൽ ഒരു പുതുജീവനും ശക്തിയും ചൈതന്യവും അവൾക്ക് അനുഭവപ്പെട്ടു. ഹൃദയം നുറുങ്ങിയവർക്ക് അവൻ സമീപസ്ഥനാണ്; വിശേഷാൽ അനാഥരുടേയും വിധവമാരുടെയും സങ്കടത്തിൽ അവൻ ആശ്വാസം നൽകുക തന്നേ ചെയ്യും. അവളെ ആശ്വസിപ്പിച്ച ശേഷം യേശു അടുത്തുചെന്ന് മഞ്ചം തൊട്ടു; ചുമക്കുന്നവർ നിന്നു. യേശു ഒന്നു തൊട്ടാലും ഒരു വാക്കു കല്പിച്ചാലും ശക്തി പുറപ്പെടും. ദൈവപ്രവൃത്തി വെളിപ്പെടേണ്ടതിന്നായി അവൻ തൊടേണ്ടതിനെ തൊടും, കല്പിക്കേണ്ടതിനോടു കല്പിക്കും. ഇവിടെ മരണവും ജീവനും തമ്മിലുള്ള ഒരു ഏറ്റുമുട്ടലാണിപ്പോൾ നടക്കുന്നത്. മരണത്തിന്മേൽ അധികാരമുള്ളവനും, മരിച്ചവരെ ജീവിപ്പിപ്പാൻ ശക്തിയുള്ളവനും, സാക്ഷാൽ പുനരുത്ഥാനവും ജീവനുമായവനാണ് യേശു എന്ന് ജനം കണ്ടു വിശ്വസിക്കേണ്ടതിന് ബാല്യക്കാരാ എഴുന്നേൽക്കാ എന്നു കല്പിച്ചു. മരിച്ചവൻ എഴുന്നേറ്റു ഇരുന്നു സംസാരിപ്പാൻ തുടങ്ങി. ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ എഴുന്നേറ്റിരിക്കുന്നു എന്നാണ് ജനം പറഞ്ഞത്. യേശു ബാല്യക്കാരനെ തന്റെ അമ്മയ്ക്ക് ഏല്പിച്ചു കൊടുത്തപ്പോൾ അവളുടെ കണ്ണിൽനിന്നും ആനന്ദത്തിന്റെ കണ്ണുനീർ പൊഴിഞ്ഞുകൊണ്ടിരുന്നിരിക്കണം. അവളും മകനും ജനക്കൂട്ടവും ഇപ്പോൾ കല്ലറയിലേക്കല്ല പിന്നെയോ അവളുടെ വീട്ടിലേക്കാണ് പോകുന്നത്. ഈ യാത്ര ഇപ്പോൾ ഒരു വിലാപയാത്രയല്ല. എല്ലാവരും സന്തോഷിച്ചുകൊണ്ടുള്ള യാത്രയാണിത്. വിധവയെയും മകനെയും കാണുന്നവരും, ഈ വർത്തമാനം കേട്ട എല്ലാ പട്ടണവാസികളും ഒരുപോലെ വിധവയോടു ചേർന്ന് സന്തോഷിക്കുന്നു.

വിധവയുടെ മകനെ ജീവിപ്പിച്ച് അവർ മഹാസന്തോഷത്തോടെ ഭവനത്തിലേക്കു പോയതിനോടുള്ള ബന്ധത്തിൽ ഒരു കാര്യം ഓർപ്പിക്കാനുള്ളത്: മരണത്തിന്മേൽ അധികാരമുള്ളവനും മരണത്തെ ജയിച്ചവനുമായ കർത്താവായ യേശുക്രിസ്തു മാത്രമേ പറഞ്ഞിട്ടുള്ളു ഞാൻ വീണ്ടും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും എന്ന് (യോഹ.14:3,18,28; അ.പ്ര.1:11). നമ്മുടെ കർത്താവിന്റെ മടങ്ങി വരവിൽ ക്രിസ്തുവിൽ മരിച്ച വിശുദ്ധന്മാർ അക്ഷയരായി ഉയിർത്തെഴുന്നേൽക്കുകയും, ജീവനോടിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരം പ്രാപിച്ച് കർത്താവിന്റെ സന്നിധിയിലേക്കു ചേർക്കപ്പെടുകയും ചെയ്യും. ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ? എന്ന് ജയഘോഷം മുഴക്കിക്കൊണ്ട് അവർ കർത്താവിനോടു കൂടെ നിത്യമായി വാഴുവാനായി പോകുന്ന സമയം ഏറ്റവും ആസന്നമായി എന്ന് ഓർപ്പിച്ചുകൊള്ളട്ടെ. ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല... (വെളി.21:3-5).

(തുടരും)



## മരുഭൂമിയിൽ മുഴങ്ങുന്ന ദൈവശബ്ദം

**യേ**ശു നാല്പതുദിവസം മരുഭൂമിയിൽ പ്രാർത്ഥിച്ചു. ഇസ്രായേൽ ജനത മരുഭൂമിയിൽ ദൈവജനമായി രൂപപ്പെട്ടു. ഏകാന്തതയിൽ ചെലവഴിക്കുന്ന നിമിഷങ്ങളെ മരുഭൂമി അനുഭവമെന്നു പറയാം. ബൈബിളിൽ മരുഭൂമിയെ പ്രലോഭനത്തിന്റെ സ്ഥലമായാണ് അവതരിപ്പിക്കുന്നത്. ദൈവത്തിന്റെ കരുതലും സാത്താന്റെ മുറിപ്പെടുത്തലുകളും മരുഭൂമി അനുഭവത്തിലുണ്ടാവും. യേശുവിന്റെ രഹസ്യജീവിതത്തിൽനിന്ന് പരസ്യജീവിതത്തിലേക്കുള്ള പ്രവേശനം മരുഭൂമിയിലെ ഒരുക്കത്തിനുശേഷമായിരുന്നു. പഴയനിയമത്തിലെ ദൈവജനത്തെ മരുഭൂമിയിൽ ദൈവം നയിച്ചു. ദൈവത്തിൽനിന്നു പഠിക്കുകയും ദൈവത്തെ ആശ്രയിക്കുകയും ചെയ്തുകൊണ്ട് അവർ പ്രയാണം തുടർന്നു. മേഘസ്തംഭമായും ദീപസ്തംഭമായും അവൻ കൂടെ നടന്നു. മരുഭൂമിയിൽ വിളിച്ചുപറയുന്ന ശബ്ദമായാണ് സ്നാപകയോഹന്നാനെ പുതിയനിയമം പരിചയപ്പെടുത്തുന്നത്. ജീവിതത്തിന്റെ ഏകാന്തതകളിലാണ് ദൈവത്തിന്റെ ശബ്ദം കേൾക്കുവാൻ കഴിയുന്നത്. ശബ്ദകോലാഹലങ്ങൾ നമ്മുടെ ചുറ്റും ഉയരുമ്പോൾ ദൈവശബ്ദം കേൾക്കാനാവില്ല. ഹൃദയത്തിന്റെ അഗാധങ്ങളിൽ ദൈവത്തിന്റെ ശബ്ദമുയരുമ്പോൾ ജീവിതത്തിൽ പരിവർത്തനം സംഭവിക്കും. വിശുദ്ധരുടെയെല്ലാം ജീവിതം ഇതു വ്യക്തമാക്കുന്നു. ആടിനെ മേയിച്ചുകൊണ്ട് ഏകാന്തതയിലിരുന്ന ആട്ടിടയന്മാർ മാലാഖയുടെ സ്വരം കേട്ടു. എല്ലാവിധത്തിലും മരുഭൂമി ദൈവശബ്ദം മുഴങ്ങുന്ന സ്ഥലമാണ്.

യേശു ഏറ്റവും ആസ്വദിച്ച ഒന്നായിരുന്നു ഏകാന്തതയിൽ പിതാവുമൊത്തുള്ള സഹവാസം. ഇടയ്ക്കിടെ ഈ ഏകാന്തതയുടെ അനുഭവത്തിലേക്ക് യേശു പോകുന്നതു കാണാം. നിശയുടെ നിശബ്ദതയിലും പ്രഭാതത്തിന്റെ ശാന്തതയിലും വിജനതയിൽ തന്റെ പിതാവുമായി സംഭാഷണത്തിലേർപ്പെടുന്ന കർത്താവിനെയാണ് നാം കാണുന്നത്. ദൈവഹിതം തിരിച്ചറിയുന്ന സ്ഥലമാണ് മരുഭൂമി. ഏകാന്തതയുടെ അനുഭവത്തെ മരുഭൂമി അനുഭവമെന്ന് വിശുദ്ധ ഗ്രന്ഥം വിളിക്കുന്നു. നിശയുടെ നിശബ്ദതയിലാണ് ശമുവേൽ ദൈവശബ്ദം തിരിച്ചറിഞ്ഞത്. ഏകാന്തതയിലിരിക്കുന്ന അബ്രഹാമിനെയാണ് ജനതകളുടെ പിതാവായി ദൈവം വിളിച്ചത്. ആട്ടിൻകൂട്ടത്തെ മേയിച്ചുകൊണ്ട് ഏകാന്തതയിലിരുന്ന മോശയെ ദൈവം വിളിച്ചു. മരുഭൂമിയിൽ വച്ചാണ് കയ്പ്പുള്ള വെള്ളം മധുരമുള്ള വെള്ളമായി മാറിയത്.

മുറിവേറ്റ അനുഭവങ്ങൾ ജീവിതത്തിലെ മുദ്രകളായി മാറുന്നത് ഏകാന്തതയിലാണ്. ഹോശയായുടെ പുസ്തകത്തിന്റെ 2-ാം അദ്ധ്യായത്തിൽ പറയുന്നു: "മരുഭൂമിയിൽവച്ച് അവളോടു ഞാൻ മൃദുവായി സംസാരിക്കും." ദൈവത്തിന്റെ മൃദുവായ സ്വരം നിശബ്ദതയിൽ മുഴങ്ങുന്നു. ഏലിയാ പ്രവാചകൻ ദൈവശബ്ദം കേട്ടത് മന്ദമാരുതനിലായിരുന്നു.

മനുഷ്യരുടെ ബഹളങ്ങളിൽനിന്ന് അകലുമ്പോൾ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിച്ചു തുടങ്ങും. ശാന്തതയിൽ ദൈവത്തോടു കൂടിയിരുന്നു പഠിക്കണം. എല്ലാ ശബ്ദങ്ങളും നിശബ്ദതയിലലിഞ്ഞു ചേരണം. അരുവികളുടെ ആരംഭത്തിൽ ബഹളമുണ്ട്. കടലിനോടടുക്കുമ്പോൾ ശാന്തമാവും. നമ്മുടെയൊക്കെ ജീവിതം ദൈവമെന്ന സാഗരത്തിൽ നിന്നകലെയാവുമ്പോൾ ശബ്ദമയമാവും. ദൈവത്തോടടുക്കുംതോറും ശാന്തത വർദ്ധിക്കുന്നു. ഹൃദയത്തിന്റെ ശാന്തതയിൽ നാം ശക്തി സംഭരിക്കും. ആ ശക്തി നമ്മെ നവീകരിക്കും. ഒരുപാടു ബഹളങ്ങളിൽ മനസ്സു മുഴുകുമ്പോൾ നമുക്കൊന്നും വ്യക്തമല്ല. അല്പസമയം ധ്യാനപൂർവ്വം ചെലവഴിക്കുമ്പോൾ അവ്യക്തമായ പലതും വ്യക്തമായി മാറും. പിതാക്കന്മാർ ഇപ്രകാരം സ്വയം ശുദ്ധീകരിച്ചവരാണ്. ഇന്ന് ഭക്ഷണം കഴിക്കുമ്പോഴും വാഹനമോടിക്കുമ്പോഴും പഠിക്കുമ്പോഴുമൊക്കെ സംഗീതത്തിന്റെ ലഹരിയിലാണ് ജനം. കളിക്കുമ്പോഴും കുളിക്കുമ്പോഴും നടക്കുമ്പോഴുമെല്ലാം ഈ ശബ്ദം നമ്മെ പിന്തുടരുന്നു. ഇതിൽ നിന്നെല്ലാം മാറി കുറച്ചുസമയം മരുഭൂമി അനുഭവത്തിലൂടെ ദൈവശബ്ദത്തിനായി കാതോർക്കണം. നമ്മൾ കാണാത്ത പുതിയൊരു ലോകം അവിടെ കാത്തിരിക്കുന്നു.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# കാനിയാറിലെ കല്ലറ: വിവാദവും മുതലെടുപ്പും



**കാ**ശ്മീരിന്റെ തലസ്ഥാനമായ ശ്രീനഗറിനടുത്തുള്ള കാനിയാർ ഗ്രാമത്തിൽ ഒരു കല്ലറയുണ്ട്. ഇത് ആരുടെ കല്ലറയെന്നു ബഹുഭൂരിപക്ഷത്തിനും അറിഞ്ഞുകൂടാ. എന്നാൽ ഇറാനിൽ നിന്നും കുടിയേറി പാർത്തവരും പിന്നീടു ഭീഷണിപ്പെടുത്തി മതപരിവർത്തനം ചെയ്യിച്ചിരുന്ന കാലത്ത് ഇസ്ളാംമതം സ്വീകരിച്ചവരും രാജ്ഭാഗിൽ താമസിക്കുന്നവരുമായ, ഒരു കുടുംബം ഇതു തങ്ങളുടെ പൂർവ്വികനായ ഒരാളിന്റെ കല്ലറയാണെന്ന് പറയുന്നു. ആ കുടുംബത്തിലെ 'ബഷാരത്സലിം' എന്നയാൾ ഈ കല്ലറ, തന്റെ ഒരു പിതാമഹന്റെതാണെന്നും അദ്ദേഹം വലിയ ഭക്തനായിരുന്നുവെന്നും തറപ്പിച്ചുപറയുന്നു.

കാനിയാറിലെ കല്ലറ ക്രൂശിൽ നിന്നു രക്ഷപ്പെട്ട് ഇറാൻ വഴി കാശ്മീരിലെത്തിയ യേശുവിന്റെതാണെന്ന വാദം, ഇവർ സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല, പൂർണ്ണമായി നിഷേധിക്കുകയും ചെയ്യുന്നു. യേശുവുമായി എന്തെങ്കിലും ബന്ധമുള്ളതായും ഇവർ അവകാശപ്പെടുന്നില്ല.

ഈ കല്ലറ ഇന്ത്യയിലെ മറ്റു ഭാഗത്ത് കാണുന്ന മുസ്ലീം ഭക്തന്മാരുടെ കല്ലറകളിൽ നിന്നും വ്യത്യസ്ഥമല്ല. ഇതിനു യഹൂദന്മാരുടെ കല്ലറയുമായി യാതൊരു സാമ്യവുമില്ല.

ഈ കല്ലറയുടെ സൂക്ഷിപ്പുകാരും അവകാശികളും മുസ്ലീംങ്ങളാണ്. മുസ്ലീം സന്ദർശകർക്കു (സീയാറത്ത്) വേണ്ടിയുള്ള പ്രത്യേക സൗകര്യങ്ങളുമുണ്ടാക്കിയിട്ടുണ്ട്.

ചിലർ ഇതിനെകുറിച്ചു പറഞ്ഞത് ഇത് ഒരു 'മുസാഫിറിന്റെ (ഭിക്ഷാടനം ചെയ്യുന്ന മുസ്ലീം ഭക്തന്റെ) കല്ലറയാണെന്നാണ്. അയാൾ ഈ ഗ്രാമത്തിൽ വെച്ചു മരിച്ചപ്പോൾ നാട്ടുകാർ ഇയാൾക്കുവേണ്ടി പണിതതാണ് ഈ കല്ലറ. മറ്റു ചില മുസ്ലീം ഭക്തന്മാരുടെ കല്ലറകളിൽ കാണുന്നതുപോലുള്ള, പഴയ ചില ഏടുകളും ചെമ്പുകൊണ്ടുണ്ടാക്കിയ ഏലസ്സുകളും ഈ കല്ലറയിൽ കെട്ടിതൂക്കിയിട്ടിരിക്കുന്നു. മുസ്ലീംങ്ങൾ ഇവിടെ സീയാറത്ത് ചെയ്യുകയും രണ്ട് റക്കായത്ത് നിസ്ക്കരിക്കയും യാസീൻ ഓതിപ്പോകുന്നതും സന്ദർശകർക്ക് കാണാവുന്നതാണ്.

ഇതിന് ഏറിയാൽ 350 വർഷത്തിൽ കൂടുതൽ പഴക്കം ഇല്ല. ഇതിന്റെ പഴമ നിർണ്ണയിക്കാൻ ഗവേഷകർ ഉത്സാഹിക്കേണ്ടതാണ്. ഈ കല്ലറയിൽ ഇതിന്റെ ആദ്യരൂപത്തിന്റെമേൽ പിന്നീട് എന്തൊക്കെയോ പണികൾ നടന്നതിന്റെ വ്യക്തമായ തെളിവുകൾ കാണാവുന്നതാണ്.

ഈ കല്ലറക്കുള്ളിൽ, സൂക്ഷ്മപരിശോധന നടത്തിയാൽ ഒരു കുരിശുള്ളതായി കാണാം. യേശുവിന്റെ കാലത്ത് കാശ്മീരിൽ ഉള്ള ആരെങ്കിലും കുരിശ് ഉപയോഗിച്ചിരുന്നതിനു യാതൊരു തെളിവും ഇല്ല. യേശുവിന്റെ കാലത്ത് ശിഷ്യന്മാരോ, മൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം വരെയോ ക്രിസ്ത്യാനികൾ ക്രൂശ് ഒരടയാളമായി സ്വീകരിച്ചിരുന്നില്ല. 3-ാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതൽക്കാണ് ക്രൈസ്തവർ ക്രൂശ് അടയാളമായി ഉപയോഗിക്കാൻ തുടങ്ങിയത്. ഇതിനു രണ്ട് ആഗമനങ്ങളാണ് പ്രധാനമായുള്ളത്. ക്രിസ്തുവിന് മുമ്പും കുരിശ് ഒരു കൊലയായുധമായി ഉപയോഗിച്ചിരുന്നു. ഫൊയ്നീക്യരാണ് കുരിശിൽ തൂക്കിക്കൊല്ലുന്ന ശിക്ഷയ്ക്കു പ്രചാരം നൽകിയത്.

ക്രിസ്ത്യാനികൾ 3-10 നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം മുതൽ കുരിശ് അടയാളമായി സ്വീകരിച്ചത് രണ്ടു മാർഗ്ഗങ്ങളിലൂടെയാണ്. ബാബിലോണ്യ ദേവതയായ തമ്മൂസ്സുദേവതയുടെ ആരാധകർ അതിന്റെ ആദ്യത്തെ അക്ഷരമായ T അടയാളമായി ഉപയോഗിച്ചിരുന്നു. പിൽക്കാലത്ത് യഹൂദന്മാരല്ലാത്തവരിൽനിന്നും ക്രിസ്ത്യാനികളായവർ ഒരു അടയാളമായി കുരിശ് സ്വീകരിച്ചപ്പോൾ Tയിലെ കുറുകെയുള്ളവര അല്പം ഇറക്കിവെച്ച + ആകൃതിയിലുള്ള കുരിശു ആണ് സ്വീകരിച്ചത്. എന്നാൽ കോൺസ്റ്റന്റയിൻ ചക്രവർത്തി ക്രിസ്ത്യാനിയായപ്പോൾ (എ.ഡി. 288-337) ക്രിസ്തുവിന്റെ പേരിന്റെ ആദ്യക്ഷരമായി വരുന്ന X ഒരു അടയാളമായി സ്വീകരിച്ചു. ഇത് കുരിശിനെയല്ല, ക്രിസ്തുവിനെയാണ് സൂചിപ്പിക്കുന്നത്.

എന്നാൽ കാനിയാറിലെ കല്ലറയ്ക്കുള്ളിൽ കാണുന്ന കുരിശ് ആദ്യം പറഞ്ഞ വിധത്തിലുള്ള T ആകൃതിയിലുള്ളതാണ്. ഇത് യേശുവിന്റെ കല്ലറയാണെങ്കിൽ അന്ന് ആരാണ് ഇങ്ങനെ കുരിശുണ്ടാക്കിവെച്ചത്? യേശുവിന്റെയോ ശിഷ്യന്മാരുടെയോ കാലത്ത് ഇത്തരമൊരു ആചാരമില്ലായിരുന്നുവെന്നു പറഞ്ഞല്ലോ. ഇത് ഒരു പഴക്കമുള്ള കുരിശല്ല. ഇത് ഒരു കനത്ത ഗൂഢാലോചനയുടെയും ചതിയുടെയും ഫലമാണ്. കാനിയാറിലെ ഈ കല്ലറ, യേശുവിന്റെ കല്ലറയാണെന്നു പ്രചരിപ്പിച്ചത് അഹമ്മദീയരാണ്. അതിനു ശേഷമാണ് അതിനു പ്രചാരവും ഇന്നു കാണുന്ന വിധമുള്ള കാവലും -മറ്റും ഉണ്ടായത്. അഹമ്മദീയർ കരുതിക്കൂട്ടി , ഇതു യേശുവിന്റെ കല്ലറയാണെന്ന കള്ളപ്രപചാരണത്തിനുവേണ്ടി, ഈ കല്ലറയിൽ കൃത്രിമം നടത്തിയിട്ടുണ്ടെന്നു വ്യക്തം.

ഈസായുടെ കല്ലറയാണെന്ന കാര്യം ഒരു പുച്ഛമായിട്ടാണ് ഇവിടുത്തെ മുസ്ലീംങ്ങൾ കരുതുന്നത്. ഇതിന്റെ സൂക്ഷിപ്പുകാർ ഇതൊരു തമാശയായിട്ടാണ് കാണുന്നത്. എങ്കിലും വരുമാനമുള്ളതിനാൽ അവർ ആഹ്ലാദമുള്ളവരാണ്.

ഈ കല്ലറ വിലയ്ക്കു വാങ്ങാൻ ശ്രമിക്കുന്ന ചിലർ എന്തു വില കൊടുക്കാനും തയാറാണ്. പക്ഷെ ഇതിന്റെ അവകാശികൾ ഇതു കൊടുക്കാൻ തയാറായിട്ടില്ല. ഇതിന്റെ പരിസരം വികസിപ്പിച്ച് സന്ദർശകരെ ആകർഷിക്കാൻ മനോഹരമാക്കുകയും അതിനായി സന്ദർശകരിൽനിന്നു സംഭാവന ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്യുന്നു.

പഹൽഗാം എന്ന ടൂറിസ്റ്റ് കേന്ദ്രത്തിനടുത്തുള്ള ഒരു കാട്ടിനുള്ളിൽ ക്രൂശിന്റെ ശത്രുക്കൾ ഒരു കൂലിയെ ആക്കിയിട്ടുണ്ട്. പഹൽഗാമിൽനിന്നും മറ്റൊരു വാഹനവും-കുതിരവണ്ടിപോലും കടന്നുപോകാത്ത ഈ സ്ഥലത്ത് കുതിരപുറത്തു കയറിച്ചെന്ന് പറ്റിയാൽ ഈ 'കൂലി' യിൽ നിന്നും ഈസാ ഇവിടെ താമസിച്ചിരുന്നുവെന്നും മറ്റുമുള്ള കെട്ടുകഥകൾ കേൾക്കാം.

കാനിയാറിലെ കല്ലറയിൽ എഴുതിയിരിക്കുന്നതു വിശ്വസിക്കാമെങ്കിൽ അത് യൂസ് ആസാഫ് (Youza Asouph) എന്നൊരുവന്റേതാണ്. എന്നാൽ ക്രിസ്തു വിരോധികൾ പറയുന്നത് 'ഹസ്രത് ഈസാ' യുടെതാണ് എന്നും.

ഈ വാദം ഇതിന്റെ സൂക്ഷിപ്പുകാരും അവകാശികളുമായ ഇസ്ലാമ്യർ അംഗീകരിക്കുകയില്ല. ഈ യൂസാ ആസഫ് ആരാണെന്ന് 'അറിഞ്ഞുകൂടാ'. ഇതാണ് അവരിൽ നിന്നു കേട്ടത്. ഇവിടുത്തെ സാധാരണക്കാരോട് ഇതിനെ കുറിച്ചന്വേഷിച്ചാൽ ഒരു പുതിയ കാര്യം ആദ്യം കേൾക്കുന്ന മട്ടിലാണ് അവർ ഇതിനെ വീക്ഷിക്കുന്നത്.

ഇതു ഈസായുടെ കല്ലറയാണെന്നു വന്നാൽ ക്രൂശിൽ മരിച്ച ക്രിസ്തു പുനരുത്ഥാനം ചെയ്തുവെന്നും അനന്തരം സ്വാർഗ്ഗാരോഹണം ചെയ്തുവെന്നും വീണ്ടും വരുമെന്നുമുള്ള ക്രൈസ്തവ വിശ്വാസവും; മർയമിന്റെ മകനായ ഈസാ മരിക്കുകയല്ല, എടുക്കപ്പെടുകയാണുണ്ടായത് എന്നുള്ള ഇസ്ലാമ്യ വിശ്വാസവും തെറ്റാണ് എന്നു വരും. നൂറ്റാണ്ടുകളായി ആവർത്തിക്കുന്ന, തലമുറകളെ കബളിപ്പിക്കുന്ന കനത്ത തെറ്റാണ് ക്രിസ്തീയ വിശ്വാസമെന്നു വരുത്തിതീർക്കാനാണ് കാനിയാറിലെ കല്ലറ യേശുവിന്റെതാണെന്ന് ചിലർ വാദിക്കുന്നത്.

ഈ കല്ലറയ്ക്ക് 2000 വർഷത്തെ പഴക്കമുണ്ടോ? ഇതിൽ എങ്ങനെ കുരിശു കയറിപ്പറ്റി? യൂസ് ആസാഫ് ആരായിരുന്നു? ഇതു ഈസായുടെ കല്ലറയാണോ? എന്നു സൂക്ഷ്മ ഗവേഷണം ചെയ്തു അറിയേണ്ടതാണ്. ജൂദ-ക്രൈസ്തവ-ഇസ്ലാം, മദ്ധ്യസ്ഥന്മാരും ചരിത്ര ഗവേഷകരും ഒന്നിച്ച് ഈ കല്ലറ പൊളിച്ചു പരിശോധിക്കേണ്ടതാണ്. ഈ കല്ലറയിൽ നടന്നിട്ടുള്ള കൈകടത്തലുകളും വെളിച്ചത്താക്കേണ്ടതാണ്. അങ്ങനെയൊരു പരിശോധന നടത്തിയാൽ കല്ലറയിൽ നടത്തിയിട്ടുള്ള കൈകടത്തലുകളും കൃത്രിമത്വവും വെളിച്ചത്താകുകയും കല്ലറ യേശുവിന്റെതാണെന്ന വാദം കാലക്കയത്തിൽ അവസാനിക്കുകയും ചെയ്യും.

**യേശു ലോകത്തിൽ വന്നത്:** ദൈവത്തെ വെളിപ്പെടുത്തുവാൻ യോഹ. 1-18 'അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി നൽകുവാൻ'; മർക്കോ.10:45 'കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാൻ, ജീവനുണ്ടാകുവാനും സമൃദ്ധിയായിട്ടുണ്ടാകുവാനും യോഹ.10:10,11. പിശാചിന്റെ പ്രവർത്തികളെ അഴിപ്പാൻ 1 യോഹ. 3:8 പാപത്തിന് ജഡത്തിൽ ശിക്ഷ വിധിപ്പാൻ, റോമ.8:2. അവൻ ക്രൂശിൽ മരിച്ചതു: "നാം പാപം സബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെച്ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി" (1 പത്രോ. 2:24). യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു. അപ്പോസ്തലന്മാർക്കും 500-ൽ അധികം സഹോദരൻമാർക്കും മറ്റനേകർക്കും പ്രത്യക്ഷനായി (1 കൊരി. 15:3-8). ഇത് വിശ്വാസയോഗ്യമായ തിരുവചനവും ഒരു ചരിത്ര യാഥാർത്ഥ്യവുമാണ്. വ്യാജന്മാരുടെ വാക്കുകളാൽ നാം വഞ്ചിക്കപ്പെടരുത്. വിശ്വസിക്കുക. "എന്നാൽ വിശ്വാസിക്കുന്നവനു നിത്യജീവനുണ്ട്, വിശ്വസിക്കാത്തവൻ ജീവനെ കാണുകയില്ല... ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു"(യോഹ.3:36).

"ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ."




നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# നിമിഷസുഖങ്ങളിൽ പാപത്തിന്റെ അരങ്ങേറ്റം

**ഓ**രോ മനുഷ്യന്റെയും ജീവിതത്തിൽ ഇരുട്ടു പരത്തുന്നതാണ് പാപം. യഥാർത്ഥ വെളിച്ചമായ ദൈവത്തിൽനിന്നും മനുഷ്യരെ ഒളിപ്പിക്കുന്ന അവസ്ഥയാണിത്. ആദിമാതാപിതാക്കൾ സ്വതന്ത്രരായിരുന്നു. തിന്മ ചെയ്തുകഴിഞ്ഞപ്പോൾ അവരുടെ ലോകം ചെറുതായിത്തീർന്നു. കാട്ടുമരങ്ങൾക്കിടയിൽ അവർ ഒളിച്ചു. വലുതായിരുന്ന അവരുടെ ലോകം ചെറുതായി ചുരുങ്ങുന്നതാണ് നാമിവിടെ കാണുന്നത്. എല്ലാ വൃക്ഷങ്ങളുടെയും പഴം തിന്നുവാൻ അനുവാദം കൊടുത്ത ദൈവം നന്മതിന്മകളുടെ വൃക്ഷത്തിൽനിന്നും പഴം തിന്നരുതെന്ന് കല്പിച്ചു. നന്മയേത്, തിന്മയേതെന്ന് സ്വയം തീരുമാനിക്കുവാൻ മനുഷ്യന് അവകാശമില്ല. അതു ദൈവം നിശ്ചയിച്ചിട്ടുണ്ട്. പഴയനിയമത്തിലെ 10 കല്പനകളിലൂടെ അതു തന്നിട്ടുണ്ട്. സ്വന്തം ഇഷ്ടംപോലെ ജീവിച്ചിട്ട് അതാണ് തന്റെ നന്മയെന്നു പറയുന്ന മനുഷ്യരുണ്ട്. നന്മതിന്മകളൊരിക്കലും ഞാൻ നിശ്ചയിക്കരുത്. ദൈവം നിശ്ചയിച്ച നന്മകളും തിന്മകളും ഞാൻ മനസ്സിലാക്കണം. അല്ലെങ്കിൽ ഞാൻ പാപത്തിന്റെ അടിമത്വത്തിലായിപ്പോകും.



സക്കായിയുടെ ജീവിതം നാം കാണുന്നുണ്ട്. ദൈവത്തിൽനിന്നും മനുഷ്യരിൽനിന്നും അവൻ ഒളിച്ചുപോയി. ഒരു മരത്തിന്റെ ഇലകൾക്കിടയിൽ അവൻ ഒളിച്ചിരുന്നു. യേശു അവന്റെ ജീവിതത്തിൽ ഇടപെട്ടു. ചെയ്തുപോയ തെറ്റുകൾക്കു നാലിരട്ടി പരിഹാരം ചെയ്യുവാൻ അവൻ സന്നദ്ധനായി. അപ്പോൾ അവന്റെ കുടുംബം രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു. ധൂർത്തപുത്രൻ പിതാവിന്റെ വിശാലമായ കുടുംബത്തിൽ നിന്നും ഒളിച്ചുപോയി. ഒരു പന്നിക്കുഴിയുടെ പരിമിതിയിൽ അവന് ജീവിക്കേണ്ടിവന്നു. സുബോധമുണ്ടായി തിരിച്ചുവരുമ്പോൾ അവന്റെ ലോകം വലുതായിത്തീരുന്നു. പാപം ഒരു മനുഷ്യനെ നൈമിഷിക സുഖങ്ങളിലേക്ക് ആനയിക്കും. 'പഴം തിന്നരുത്' എന്ന ആദ്യകല്പന നാം കാണുന്നുണ്ട്. പഴം എന്നു പറഞ്ഞാൽ ഒരു നിമിഷംകൊണ്ടു തീരുന്ന സുഖമാണ്. പഴുത്തതൊന്നും അധികം നിലനിൽക്കില്ല. അധികം നിലനിൽക്കാത്ത സുഖങ്ങളുടെ പുറകെ പോകരുതെന്ന് ദൈവം കല്പിക്കുന്നു. അങ്ങനെ പോകുന്നവർ ആന്തരികസൗഖ്യം ഇല്ലാത്തവരായിത്തീരും.

ആദ്യത്തെ മൂന്നു കല്പനകൾ ദൈവവുമായി ബന്ധപ്പെട്ടതാണ്. പിന്നാലെ ഏഴു കല്പനകൾ മനുഷ്യനുമായി ബന്ധപ്പെട്ടതാണ്. ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധങ്ങളുടെ തകർച്ചയിലാണ് പാപത്തിന്റെ അരങ്ങേറ്റം. ഉൽപത്തി 4:9-ൽ കയീൻ; ഹാബെൽ എവിടെ എന്നു ചോദിക്കുമ്പോൾ ഈ ബന്ധങ്ങളുടെ വിള്ളലിനെയാണ് ദൈവം ഓർമ്മിപ്പിക്കുന്നത്? വിചാരത്തിലും, സംസാരത്തിലും, പ്രവൃത്തിയിലും കടന്നുവരുന്ന പാപങ്ങളെ നാം വെടിയണം. പഴയനിയമത്തിൽ വേഷം കെട്ടിയ യാക്കോബും, വാഗ്ദാനം മറന്ന ശിംശോനും ജഡമോഹത്തിൽ വീണുപോയ ദാവീദും ഒക്കെ നമ്മുടെ മുമ്പിലുണ്ട്. ഇവരൊക്കെ നമ്മുടെയും പ്രതിനിധികളാണ്. രാജാവായ ശൗൽ ഒരു പ്രത്യേക സ്വഭാവത്തിന്റെ ഉടമയായിരുന്നു. അനുസരണക്കേടും അസൂയയും ശൗലിന്റെ പ്രത്യേകതയായിരുന്നു. അതവനെ തകർച്ചയിലേക്കു നയിച്ചു. ഈ സ്വഭാവങ്ങൾ ഒരുപക്ഷേ നമ്മുടെയും സ്വഭാവമായിരിക്കാം. ചെയ്യാൻ പോകുന്ന പ്രവൃത്തികളുടെ ഗൗരവത്തെക്കുറിച്ച് ദൈവം മുന്നറിയിപ്പു കൊടുത്തിട്ടും ശൗലും ശിംശോനും ശ്രദ്ധിക്കുന്നില്ല. അവസാനം അവർ തകർച്ചകളെ അഭിമുഖീകരിക്കേണ്ടിവരുന്നു.

ജീവിതം ഒരു യാത്രയാണ്. ഇടയ്ക്കിടെ നാം നിൽക്കണം. തിരിഞ്ഞുനോക്കണം. എവിടെയാണോ വീണുപോയത് അവിടെനിന്നും നാം എഴുന്നേൽക്കണം. എത്ര ദൂരം അകന്നുപോയോ അത്രയും ദൂരം തിരിച്ചു നടക്കണം. എത്ര വലിയ കുഴിയിലാണോ വീണത് അത്രയും ഉയരത്തിലേക്കു നാം തിരിച്ചുകയറണം. അശ്രദ്ധമൂലമോ, ബോധപൂർവ്വമോ വന്നുപോകുന്ന ചെറുതും വലുതുമായ തകർച്ചകളെക്കുറിച്ച് ഒരു തിരിച്ചറിവ് നമ്മിലുണ്ടാവണം. തിരിച്ചറിവുകളാണ് നമ്മെ തിരിച്ചുനടത്തുക. ധൂർത്തപുത്രനിലുണ്ടായ തിരിച്ചറിവ് അവനെ പിതാവിന്റെ ഭവനത്തിലേക്കു തിരിച്ചു നടത്തി. സക്കായിയുടെ തിരിച്ചറിവ് അവനെ പരിഹാരം ചെയ്യുവാൻ പ്രാപ്തനാക്കി. ആദിമാതാപിതാക്കളുടെ വീഴ്ചയെ ചൂണ്ടിക്കാണിച്ച ദൈവം അവരെ വീണ്ടും നന്മയിലേക്കു തിരിച്ചു നടത്തി. നമ്മുടെ കുറവുകളെ പരിഹരിക്കുന്ന ദൈവത്തിന്റെ മുമ്പിൽ വിനയപൂർവ്വം നമുക്കും നിൽക്കാം. നല്ല ദൈവം നമ്മെയും തിരിച്ചു നടത്തട്ടെ.

# തകർച്ചയിൽ താങ്ങുന്ന വിശ്വാസം



**1967**-ലെ വേനൽ അവധിക്കാലം. നാലു സഹോദരികളിൽ ഒരുവളായ ജോണി എറിക്സൺ തന്റെ ഒരു സഹോദരിയുമൊത്ത് അമേരിക്കയുടെ കിഴക്കൻ തീരത്തുള്ള ചിസാപീക്ക് ഉൾക്കടലിൽ നീന്തുവാൻ പോയി. അന്ന് പതിനെട്ടു വയസുണ്ടായിരുന്ന ജോണി നീന്തലിൽ മിടുക്കിയായിരുന്നു. അതുകൊണ്ടുതന്നെ ഒരു പാറപ്പുറത്തുനിന്ന് ഉൾക്കടലിന്റെ ആഴങ്ങളിലേക്കു തലകീഴായി ചാടുവാൻ അവൾ ഭയപ്പെട്ടില്ല.

പക്ഷേ, ജോണിയുടെ കണക്കുകൂട്ടലുകൾ തെറ്റിപ്പോയിരുന്നു. അവൾ ചാടിയ സ്ഥലത്ത് ആഴംകുറവായിരുന്നതിനാൽ അവളുടെ തല വെള്ളത്തിലെ പാറയിൽ ഇടിച്ചു. ആ വീഴ്ചയുടെ ഫലമായി അവളുടെ ശരീരം തോളിനു താഴേക്കു തളർന്നുപോയി. അതോടൊപ്പം അവളുടെ ജീവിതത്തിലെ സ്വപ്നങ്ങളും നിലച്ചു എന്നുമാത്രമല്ല, ജീവിതത്തോടെന്നപോലെ ദൈവത്തോടും വെറുപ്പും വിദ്വേഷവും അവളിൽ നുരപൊന്തി. തന്നെ ദൈവം എന്തിനു ശിക്ഷിക്കുന്നു എന്നതായിരുന്നു അവളുടെ ചോദ്യം. ആ ചോദ്യത്തിന് ഉത്തരം ലഭിക്കാതെ വന്നപ്പോൾ തന്റെ ജീവിതം അവസാനിപ്പിക്കുന്നതിനെക്കുറിച്ചു പോലും അവൾ ആലോചിച്ചു.

അങ്ങനെ നൈരാശ്യത്തിന്റെ പടുകുഴിയിൽ കഴിയുമ്പോഴാണ് ഒരു ദിവസം ജോണി തന്റെ ഒരു കൂട്ടുകാരിയുമായി സംസാരിക്കാനിടയായത്. ആ സംസാരത്തിനിടയിൽ ജോണി തന്റെ ശരീരം തളർന്നുപോയതിനെക്കുറിച്ചും തന്റെ നിസഹായാവസ്ഥയെക്കുറിച്ചുമൊക്കെ വിലപിച്ചു. അപ്പോൾ കൂട്ടുകാരി പറഞ്ഞു: "ജോണി, നിന്റെ മാനസികാവസ്ഥ എന്താണെന്നു യേശുവിനു മനസിലാകും. അവിടുത്തെ ശരീരം തളർന്നുപോയതല്ലേ? അവിടുന്നു കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ അവിടുത്തെ കൈകാലുകൾ അനക്കുവാൻ സാധിക്കുമായിരുന്നോ? ആണികൾമൂലം അവിടുന്നു പൂർണമായും ശരീരം തളർന്നവനെപ്പോലെയായിരുന്നില്ലേ?"

കൂട്ടുകാരിയുടെ ഈ വാക്കുകൾ ജോണിയെ ഇരുത്തി ചിന്തിപ്പിച്ചു. അതിനുശേഷം അവൾ ഇപ്രകാരം സാക്ഷ്യപ്പെടുത്തി: 'ദൈവം അവിശ്വസനീയമായവിധം എന്റെ അരികിലുണ്ടെന്നു ഞാൻ അനുഭവിച്ചറിഞ്ഞു. അവിടുന്ന് എന്നെ സ്നേഹിക്കുന്നുണ്ടെന്ന് എനിക്ക് ആഴത്തിൽ ബോധ്യപ്പെട്ടു. എന്റെ ജീവിതം ദൈവത്തിലാണെന്നു ഞാൻ മനസിലാക്കി. അവിടുന്ന് എനിക്ക് എല്ലാമായി.'

യേശുവിന്റെ പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും പശ്ചാത്തലത്തിൽ ജോണി തന്റെ ജീവിതത്തെ വീക്ഷിച്ചപ്പോൾ അത് അവളിൽ വലിയ പരിവർത്തനങ്ങൾ വരുത്തി. അങ്ങനെയാണ് ചലനമറ്റ കൈകൾക്കുപകരം അവൾ പല്ലുകൾക്കിടയിൽ ബ്രഷ് പിടിച്ചു ചിത്രങ്ങൾ വരയ്ക്കുവാൻ തുടങ്ങിയത്. ജോണി വരച്ച ചിത്രങ്ങൾ പ്രഫഷണൽ ആർട്ടിസ്റ്റുകൾ വരയ്ക്കുന്ന ചിത്രങ്ങളെപ്പോലും വെല്ലുന്നവയാണ്. ആ ചിത്രങ്ങൾ പലതും ഇന്റർനെറ്റിൽ നമുക്കു കാണുവാനാകും.

ചിത്രരചനയിൽ എന്നപോലെ ജോണി വിജയിച്ച മറ്റൊരു രംഗമാണ് ഗ്രന്ഥരചന. വലുതും ചെറുതുമായ 48 പുസ്തകങ്ങളാണ് ജോണി ഇതുവരെ രചിച്ചിട്ടുള്ളത്. ജോണിയുടെ ആത്മകഥയെ ആധാരമാക്കി ഒരു സിനിമയും പുറത്തിറങ്ങുകയുണ്ടായി.

ചിത്രരചന, ഗ്രന്ഥരചന എന്നിവയോടൊപ്പം ജോണി മികവ് പുലർത്തുന്ന മറ്റൊരു രംഗമാണ് റേഡിയോ പ്രഭാഷണം. ജോണി ആൻഡ് ഫ്രണ്ട്സ് എന്ന പേരിൽ ജോണി ആരംഭിച്ച റേഡിയോ പ്രോഗ്രാമിന് 'റേഡിയോ പ്രോഗ്രാം ഓഫ് ദ ഇയർ അവാർഡ്' ലഭിച്ചിട്ടുണ്ട്. ആയിരത്തിലേറെ റേഡിയോ സ്റ്റേഷനുകൾ അക്കാലത്ത് ജോണിയുടെ റേഡിയോ പ്രഭാഷണം പ്രക്ഷേപണം ചെയ്തിരുന്നു.

നല്ലൊരു പ്രഭാഷകയായ ജോണി പ്രശസ്തയായ ഒരു ഗായികയുമാണെന്ന വസ്തുത നമ്മെ അമ്പരിപ്പിക്കുകതന്നെ ചെയ്യും. നിരവധി മ്യൂസിക്കൽ ആൽബങ്ങൾ പുറത്തിറക്കിയിട്ടുള്ള ജോണിയാണ് 'എലോൺ, യെറ്റ് നോട്ട് എലോൺ' എന്ന സിനിമയുടെ ടൈറ്റിൽ ഗാനം പാടിയിരിക്കുന്നത്. ഏറ്റവും നല്ല ഗാനത്തിനുള്ള അക്കാദമി നോമിനേഷൻ ഈ ഗാനത്തിനു ലഭിച്ചിരുന്നു.

തോളിനു താഴെ ശരീരം മുഴുവൻ തളർന്നവളായ ജോണി തന്റെ വിവിധ പ്രവർത്തനങ്ങളിലൂടെ വാരിക്കൂട്ടിയിട്ടുള്ള അവാർഡുകൾ നിരവധിയാണ്. അതുപോലെ, ആറു യൂണിവേഴ്സിറ്റികളിൽനിന്ന് ഓണററി ഡോക്ടർ ബിരുദങ്ങളും ജോണിക്കു ലഭിച്ചിട്ടുണ്ട്.

ശരീരം തളർന്നുപോയ ജോണിയുടെ ജീവിതത്തിലെ അത്ഭുതകരമായ നേട്ടങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ നമുക്ക് അതിശയം തോന്നാം. കാരണം, അത്രമാത്രം നേട്ടങ്ങളാണു ജോണി തന്റെ ജീവിതത്തിൽ നേടിയെടുത്തിട്ടുള്ളത്. എന്നാൽ, എങ്ങനെയാണ് ജോണി ഈ നേട്ടങ്ങളെല്ലാം നേടിയെടുത്തിട്ടുള്ളത്? തന്റെ തളർച്ചയിലും തകർച്ചയിലും ദൈവം തന്നെ കൈവെടിഞ്ഞിട്ടില്ല, അവിടുന്ന് എപ്പോഴും താങ്ങും തണലുമായി തന്റെ കൂടെയുണ്ട് എന്ന ഉത്തമ ബോധ്യമാണ് ജോണിക്ക് ഈ നേട്ടമെല്ലാം നേടിക്കൊടുത്തത്?

ജോണിയുടേതുപോലെ അല്ലെങ്കിലും ജീവിതത്തിൽ പലപ്പോഴും പല തകർച്ചകളും നമ്മൾ നേരിടാറുണ്ട്. ചിലപ്പോൾ നമ്മൾ നേരിടുന്ന തകർച്ചകൾ വലിയ തകർച്ചകളുമായിരിക്കാം. അങ്ങനെയുള്ള അവസരങ്ങളിൽ നാം അക്ഷരാർത്ഥത്തിൽ തകർന്നുപോയില്ലെങ്കിലേ അത്ഭുതമുള്ളു. എന്നാൽ ജീവിതത്തിലെ നമ്മുടെ തകർച്ചകൾ നമ്മെ നൈരാശ്യത്തിലേക്കു തള്ളിയിടാനോ നമ്മെ നശിപ്പിക്കാനോ നാം അനുവദിക്കരുത്.

മറ്റു സമയങ്ങളിലെന്നതിനെക്കാൾ അധികമായി നമ്മുടെ തകർച്ചയുടെ സമയങ്ങളിൽ ദൈവം നമ്മോടുകൂടെയുണ്ട് എന്ന ദൃഢവിശ്വാസം നമുക്കുണ്ടാകണം. അപ്പോൾ അവിടുന്നിൽ നിന്നു ശക്തി സ്വീകരിച്ചു നമ്മുടെ ദുഃഖങ്ങളെ നേരിടാനും നമ്മുടെ തകർച്ചകളെ മറികടക്കാനും നമുക്കു സാധിക്കും. ദൈവം നമ്മോടുകൂടെയുണ്ടെങ്കിൽ ഒരു ശക്തിക്കും നമ്മെ തകർക്കാനാവില്ല എന്ന ഉറച്ച വിശ്വാസം എപ്പോഴും നമ്മളിൽ ഉണ്ടാകട്ടെ.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**ഉപദേശ സംബന്ധമായി വാദങ്ങളും തർക്കങ്ങളും മുറയ്ക്ക് നടക്കുന്നുണ്ടെങ്കിലും ഒരുവൻ എന്തായിതീരണം എന്നുള്ളത് ഒരു സഭയും വ്യക്തമായി പഠിപ്പിക്കുന്നില്ല; ആർക്കും അതിന് താൽപര്യവുമില്ല. പഠിപ്പിക്കുന്നവർക്കും പ്രസംഗിക്കുന്നവർക്കും പ്രായോഗികമാക്കാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങളാണ് ഫിലിപ്യർ 1:9 – 11 വരെയുള്ള ഭാഗങ്ങൾ. സ്നേഹം പരിജ്ഞാനത്തിലും വിവേകത്തിലും വർദ്ധിച്ചുവരണമെന്നും ഭേദാഭേദങ്ങളെ വിവേചിക്കണമെന്നും നിർമ്മലരും ഇടർച്ച ഇല്ലാത്തവരും ആയിരിക്കണം എന്നതും നീതി ഫലം നിറഞ്ഞവരായിതീരേണം എന്നുള്ളതും ഒരുവനെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങളാണ്. ദൈവവചനം ആധികാരികമായി വിശദീകരിക്കാൻ താങ്കൾക്ക് സാധിക്കുമെങ്കിൽ അപ്പോസ്തലന്റെ ഈ പ്രാർത്ഥന ഒരു പഠന രൂപത്തിൽ പ്രസിദ്ധീകരിക്കുക.**

**– പാസ്റ്റർ തോമസ് ജോർജ്ജ്, തേവലപുറം, പുത്തൂർ, കൊട്ടാരക്കര**

*“നിങ്ങളുടെ സ്നേഹം പരിജ്ഞാനത്തിലും സകല വിവേകത്തിലും മേൽക്കുമേൽ വർദ്ധിച്ചുവന്നിട്ട് നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകണം എന്നും ക്രിസ്തുവിന്റെ നാളിലേക്ക് നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ച്ചയ്ക്കുമായിട്ട് യേശുക്രിസ്തുവിനാൽ നീതിഫലം നിറഞ്ഞവരായി തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു”* (ഫിലി.1:9–11)

സ്നേഹത്തിൽ വളരുവാനാണ് അപ്പോസ്തലൻ ആദ്യം പ്രാർത്ഥിച്ചത്: നിങ്ങളുടെ സ്നേഹം മേൽക്കുമേൽ വർദ്ധിച്ചു വരേണ്ടതിന്. “സ്നേഹം” എന്ന വാക്ക് തർജിമ ചെയ്ത ഗ്രീക്ക് വാക്ക് അഗാപെ, “നിസ്വാർത്ഥമായ സ്നേഹമാണ്”, നിസ്വാർത്ഥമായ ത്യാഗത്തിൽ നിന്നാണ് അത് ഉടലെടുക്കുന്നത്. അത് ആർക്ക് നൽകുന്നുവോ അത് അയാളുടെ നന്മ പ്രതീക്ഷിക്കുന്നതായിരിക്കണം. അവരുടെ സ്നേഹം “വർദ്ധിക്കുവാൻ” പൗലോസ് പ്രാർത്ഥിച്ചശേഷം, “മേൽക്കുമേൽ” “വർദ്ധിപ്പിക്കുവാൻ” പറഞ്ഞു. അവരുടെ സ്നേഹം ശക്തമായി ഒഴുകുന്ന ഒരു അരുവി പോലെ ആകുവാനായിരുന്നു അവൻ പ്രാർത്ഥിച്ചത്, സ്നേഹത്തിന് ദിശ ആവശ്യമാണ്. തലയും ഹൃദയവും ഒരുമിച്ചു പ്രവർത്തിക്കണം (മത്താ.22:37; റോമർ. 10:2). അക്കാരണത്താൽ പൗലൊസ് തന്റെ പ്രാർത്ഥനയിൽ രണ്ടു കാര്യങ്ങൾ കൂടെ ഉൾപ്പെടുത്തി.

അവർ യഥാർത്ഥ പരിജ്ഞാനത്തിൽ വളരുവാനായിരുന്നു അവൻ പിന്നെ പ്രാർത്ഥിച്ചത്. (എപി) “മേൽ”, (ഗ്നോസിസ്) “പരിജ്ഞാനം” എന്നീ വാക്കുകൾ സംയോജിപ്പിച്ച വാക്കിൽനിന്നാണ് “യഥാർത്ഥ പരിജ്ഞാനം” എന്ന പ്രയോഗം നമുക്ക് ലഭിച്ചിരിക്കുന്നത്. സിജെബിയിൽ “പരിജ്ഞാനത്തിന്റെ സമ്പൂർണ്ണത” എന്നാണ്. ദൈവത്തെയും അവിടുത്തെ ഇഷ്ടത്തേയും അറിയുന്ന ആത്മിയ ജ്ഞാനമാണ് പൗലോസിന്റെ മനസ്സിൽ ഉണ്ടായിരുന്നത്. ഇത്തരം പരിജ്ഞാനം ലഭിക്കുന്നതിന് ദൈവവചനം ശരിയായി പഠിക്കുകയും ഒരാളുടെ ജീവിതത്തിൽ അതിന്റെ അർത്ഥമെന്തെന്ന് ഗ്രഹിക്കുവാൻ ധ്യാനിക്കുകയും വേണം.

പൗലൊസിന്റെ പ്രാർത്ഥനയിലെ അടുത്ത കാര്യം ഇതുമായി അടുത്ത ബന്ധമുള്ളതാണ്: അവർ സകല വിവേകത്തിലും വളരുവാൻ അവൻ പ്രാർത്ഥിച്ചു. “വിവേകം” എന്ന വാക്കിന്റെ (എയിസ്തെസിസ്) അർത്ഥം, “ഗ്രഹിക്കൽ, മനസിലാക്കൽ” എന്നാണ്. എൻഐവിയിൽ “ഉൾക്കാഴ്ച്ചയുടെ ആഴം” എന്നാണ്.

ദൈവവചനത്തിൽ നിന്ന് ഗ്രഹിച്ച കാര്യങ്ങൾ ഹൃദയത്തിൽ എഴുതപ്പെടണം. ഉൾക്കാഴ്ചയുണ്ടാകണം ഹൃദയദൃഷ്ടി പ്രകാശിക്കണം എന്നാണ് ഇവിടെ അർത്ഥമാക്കുന്നത്.

വിവേകത്തിൽ തന്റെ വായനക്കാർ ഒരു പടി കൂടെ മുൻപോട്ടു പോകുവാനാണ് പൗലൊസ് താൽപര്യപ്പെട്ടത്. അവർ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം എന്നാണ് അവൻ ആഗ്രഹിച്ചത്. പരിശോധിച്ച് ശരിയായതു ഉറപ്പു വരുത്തുന്നതിനെയാണ് “അപ്രൂവ്” (ഡോകിമാസോ) സൂചിപ്പിക്കുന്നത്. ലോഹ പരിശോധനക്കാണ് ആ വാക്ക് ഉപയോഗിച്ചിരുന്നത് (സദൃ.8:10; 17:3; 27:21). “ഭേദാഭേദം” എന്ന വാക്കിന്റെ (ഡയാഫെരോ) അർത്ഥം, “വ്യത്യാസമുള്ളത്” എന്നാണ്. ഫിലിപ്പിയർ 4:8 പറയുന്നത് “എക്സലൻസ്” എന്നും “സൽകീർത്തിയായുള്ളതു” എന്നുമാണ്. എന്താണ് നല്ലതെന്നു തിരിച്ചറിയുക, മാത്രമല്ല അധികം നല്ലതും, കൂടുതൽ നല്ലതും വേർതിരിച്ചറിയേണ്ടിയിരിക്കുന്നു.

ദൈവിക സ്വഭാവത്തിൽ വളരുവാനും പൗലൊസ് പ്രാർത്ഥിച്ചു: ക്രിസ്തുവിന്റെ നാളിലേക്ക് നിർമ്മലരും ഇടർച്ചയില്ലാത്തവരും ആകേണ്ടതിന്. ഇതിന്റെ ഇംഗ്ലീഷ് വാക്ക് “സിൻസിയർ” ലാറ്റിൻ വാക്കുകളിൽ നിന്നാണ് വന്നത്: സിൻ, അർത്ഥം “കൂടാതെ”, സിയർ, അർത്ഥം, “മെഴുക്” എന്നുമാണ്.

ഇറ്റാലിയൻ മാർബിൾ കച്ചവടക്കാരും പിഞ്ഞാണക്കച്ചവടക്കാരും അവരുടെ സാമഗ്രികൾക്ക് പൊട്ടലോ വിള്ളലോ ഉണ്ടായാൽ ഒരു തരം മെഴുകുകൊണ്ട് അടച്ച് അവയുടെ കുഴപ്പം മറയ്ക്കുന്ന പതിവുണ്ടായിരുന്നു; എന്നാൽ കൂടുതൽ മേന്മയുള്ള കച്ചവടക്കാർ തങ്ങളുടെ പരസ്യങ്ങളിൽ അവരുടെ സാധനങ്ങൾ സിൻസിയർ (മെഴുക് ഇല്ലാതെ) ആണെന്ന് എടുത്തു കാണിച്ചിരുന്നു; അതിൽനിന്നു രൂപപ്പെട്ടു വന്നതാണ് ഇംഗ്ലീഷിലെ “സിൻസിയർ” എന്ന വാക്ക്, അതിന്റെ അർത്ഥം “വഞ്ചന ഇല്ലാതെ”, അല്ലെങ്കിൽ “കാപട്യം ഇല്ലാതെ”.

“സിൻസിയർ” എന്നതിന്റെ ഗ്രീക്ക് വാക്ക് സംയുക്ത വാക്കാണ്, അതിന്റെ അടിസ്ഥാന അർത്ഥം “സൂര്യപ്രകാശത്തിൽ വിധിച്ചു” (എയിലിക്രിനെസ്) എന്നാണ്. സൂര്യപ്രകാശം എല്ലാ കുറവുകളും കുറ്റങ്ങളും വെളിപ്പെടുത്തുന്നു, “സൂര്യപ്രകാശത്തിൽ പരിശോധിച്ച്” ശരിയായതോ എന്നു ഉറപ്പിക്കാമായിരുന്നു. അപ്പോൾ, ഇംഗ്ലീഷിലും ഗ്രീക്കിലുമുള്ള വാക്കുകൾ ഒരേ അർത്ഥമായ “കാപട്യരഹിതം” എന്നാണ് ഉദ്ദേശിക്കുന്നത്.

“സിൻസിയർ” എന്ന വാക്കിനോടുകൂടെ പൗലൊസ് “ഇടർച്ചയില്ലാത്തവരും” എന്നു ചേർത്തിരിക്കുന്നു, അതിനർത്ഥം “പൂർണ്ണത” എന്നല്ല; അങ്ങനെ ആയിരുന്നു എങ്കിൽ ആരും “യോഗ്യർ” ആകുമായിരുന്നില്ല (റോമ.3:23; മത്താ.27:12; അ.പ്ര.24:2; 3 യോഹ. 10). ക്രിസ്ത്യാനികൾ ശരിയായത് ചെയ്യുവാൻ ശ്രമിക്കുന്നവരാണെന്ന് കാണിക്കുന്നതാണ് അത്. ക്രിസ്ത്യാനികൾ തങ്ങളുടെ കഴിവിന്റെ പരമാവധി ‘ഇടർച്ച വരുത്താതെ’ ദൈവഭക്തിയുള്ള ജീവിതം നയിക്കണം (2 പത്രോ. 1:10). കൂടാതെ, അവർ മറ്റുള്ളവരുടെ അവകാശങ്ങളെ കുറിച്ച് കരുതലുള്ളവരായിരിക്കണം – അങ്ങനെ അവർ മറ്റുള്ളവർക്ക് “ഇടർച്ച” വരുത്താതെ ജീവിക്കണം (1 കൊരി.8:13; 1 യോഹ.2:10). “നിർമ്മലരും”, “ഇടർച്ചയില്ലാത്തവരും” എന്നത് അന്യോന്യം പ്രശംസിക്കത്തക്കതാണ്.

ഫലമുള്ള ജീവിതത്തിലേക്ക് വളരുവാനായിട്ടാണ് പൗലൊസ് പ്രാർത്ഥിച്ചത്, നീതി ഫലം നിറഞ്ഞവരായി തീരേണം. “ഫലം” എന്ന വാക്ക് പുതിയനിയമത്തിൽ പലവിധത്തിൽ ഉപയോഗിച്ചിട്ടുണ്ടെങ്കിലും, കർത്താവിനോടടുത്ത് ജീവിക്കുമ്പോഴുണ്ടാകുന്ന പ്രായോഗിക ഫലത്തെയാണ് ഇവിടെ പറയുന്നത്: മറ്റുള്ളവർക്ക് കാണത്തക്കവണ്ണമുള്ള സ്വഭാവഗുണങ്ങൾ “സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം” എന്നിവയാണ് (ഗലാ.5:22,23). തന്റെ വായനക്കാർ അത്തരം “ഫലങ്ങളിൽ” “നിറഞ്ഞു” വരുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. നിറയെ ഫലമുള്ള വൃക്ഷമാണ് മനസിലേക്ക് വരുന്നത്. യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, “നിങ്ങൾ വളരെ ഫലം കായ്ക്കുന്നതിനാൽ എന്റെ പിതാവ് മഹത്വപ്പെടുന്നു; അങ്ങനെ നിങ്ങൾ എന്റെ ശിഷ്യന്മാർ ആകും’ (യോഹ.15:8).

ഒരാളിൽ എങ്ങനെയാണ് “നീതിഫലം നിറയുന്നത്”? ഫലം വരുന്നത് യേശുക്രിസ്തു മുഖാന്തരമാണ്. ഭൗതികമായ ഫലം പുറപ്പെടുവിക്കുന്നതിനു പ്രയത്നം ആവശ്യമായിരിക്കുന്നതുപോലെ, ആത്മീയ ഫലത്തിനും പ്രയത്നം ആവശ്യമാണ്. ഭൗതികമായും ആത്മികമായും ഫലം പുറപ്പെടുവിക്കുവാനുള്ള ഉറവിടം കർത്താവ് തന്നെയാണ്. ഒരു വൃക്ഷമോ മുന്തിരിവള്ളിയോ ഫലം കായിക്കുമ്പോൾ വലിയ ശബ്ദം ഒന്നും പുറപ്പെടുവിക്കുകയില്ല. അത് മനസിലാക്കുന്നവർ അഹങ്കരിക്കുകയോ സ്വയം പുകഴ്ത്തുകയോ ചെയ്യുകയില്ല. കാരണം നമ്മുടെ ജീവിതത്തിൽ കർത്താവാണ് “ഫലം” പുറപ്പെടുവിക്കുന്നതിന്റെ ഉറവിടം; കർത്താവ് പറഞ്ഞു, “ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ, അവൻ വളരെ ഫലം കായ്ക്കും, എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല” (യോഹ.15:5).

ക്രിസ്ത്യാനികൾ പറയുന്നതും പ്രവർത്തിക്കുന്നതും എല്ലാം കർത്താവിനു മഹത്വം കൊടുക്കുന്നതായിരിക്കണം. “മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ” എന്നാണ് യേശു പറഞ്ഞത് (മത്താ.5:16).

സ്നേഹം പരിജ്ഞാനത്തിലും വിവേകത്തിലും വർദ്ധിച്ചുവരികയും ഭേദാഭേദങ്ങളെ വിവേചിച്ചുകൊണ്ട് നിർമ്മലരും ഇടർച്ച ഇല്ലാത്തവരുമായി ദൈവനാമ മഹത്ത്വത്തിനായി നീതീഫലം നിറഞ്ഞവരായി തീരുവാൻ സാധിക്കുന്നുണ്ടോ എന്ന പരിശോധനയിലൂടെ ക്രിസ്തീയ ജീവിതത്തിന്റെ ജയപരാജയങ്ങൾ വിലയിരുത്തുവാൻ സാധിക്കും എന്നതിന് തർക്കമില്ല.

This is The Word of God

Visit us: www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17

Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

Published on 1st June 2016

Posted on 15, 16 June 2016

Posted at R.M.S. Kayamkulam

മിനിക്കഥ

## മാർക്കറ്റ്

നല്ലൊരു ഓഫീസും കമ്പ്യൂട്ടറുമൊക്കെയായിട്ടാണ് ആ ഗ്രാമത്തിൽ അയാൾബിസിനസ് തുടങ്ങിയത്. പിറ്റേദിവസം അവിടെ ബോർഡുയർന്നു. "ഒതളങ്ങ ഒന്നിനു 10 രൂപ നിരക്കിൽ എടുക്കപ്പെടും..."

ആൾക്കാർ അത്ഭുതപ്പെട്ടു. ആർക്കും വേണ്ടാത്ത ഒതളങ്ങയ്ക്ക് 10 രൂപയോ...! അവർ നാടു മുഴുവൻ നടന്ന് ഒതളങ്ങ ശേഖരിച്ചു, അയാൾ പത്തുരൂപ നിരക്കിൽ എല്ലാം വാങ്ങി. അധികം താമസിയാതെ ആ നാട്ടിൽ ഒതളങ്ങ കിട്ടാതായി. അപ്പോൾ വീണ്ടും ബോർഡുയർന്നു:

"ഒതളങ്ങ ഒന്നിനു 20 രൂപ..."

അതോടെ പലരും പുറത്തൊക്കെ പോയി ഒതളങ്ങ ശേഖരിച്ച് അയാൾക്കു വിറ്റു. എല്ലാത്തിനും 20 രൂപ വീതം കിട്ടുകയും ചെയ്തു. ക്രമേണ ഒതളങ്ങ വരവ് വീണ്ടും കുറഞ്ഞു.

അപ്പോൾ അയാൾ വീണ്ടും വിലയുയർത്തി, ഒരെണ്ണത്തിനു 30 രൂപയാക്കി. കുറച്ചെണ്ണം കൂടി കിട്ടിയെങ്കിലും പിന്നീട് വരവ് തീരെ നിലച്ചു. അപ്പോൾ വീണ്ടും വിലയുയർന്നു, "ഒരു ഒതളങ്ങ 50 രൂപ...!" മോഹവില. എന്നാൽ ഒരിടത്തും ഒതളങ്ങ കിട്ടാനില്ല.

ആയിടെ കമ്പനി ഉടമസ്ഥൻ തന്റെ അസിസ്റ്റന്റിനെ ഓഫീസിലിരുത്തി അത്യാവശ്യമായി വിദേശപര്യടനത്തിനു പോയി. അസിസ്റ്റന്റ് അന്നാട്ടിലെ ചിലരോടു



പറഞ്ഞു, "ഈ ഗോഡൗണിൽ കിടക്കുന്ന ഒതളങ്ങ മുഴുവൻ ഞാൻ 35 രൂപയ്ക്കു നിങ്ങൾക്കു തരാം. മുതലാളി വരുമ്പോൾ 50 രൂപയ്ക്ക് വിറ്റോളൂ, ഒരധ്വാനമില്ലാതെ 15 രൂപ ലാഭമുണ്ടാക്കാം..."

വിവരമറിഞ്ഞ ആൾക്കാർ ക്യൂ നിന്ന് ഗോഡൗണിലെ ഒതളങ്ങ മുഴുവൻ 35 രൂപ നിരക്കിൽ കരസ്ഥമാക്കി. അവസാനത്തെ ഒതളങ്ങയും വിറ്റുതീർന്ന ആ രാത്രി അസിസ്റ്റന്റ് കടപൂട്ടി സ്ഥലംവിട്ടു.

ചാക്കുകളിൽ ഉണക്ക ഒതളങ്ങയുമായി ആ നാട്ടുകാർ കുറേനാൾ കാത്തിരുന്നു, പിന്നെ എല്ലാം കുഴിവെട്ടി മൂടി.

> ആത്മീയ കോർപ്പറേറ്റുകൾ വാഗ്ദാനം ചെയ്യുന്ന സമൃദ്ധിയിലും അനുഗ്രഹത്തിലും വിശ്വസിച്ച് വഞ്ചിതരായ വിശ്വാസസമൂഹത്തിനായി ഞാൻ ഈ കഥ സമർപ്പിക്കുന്നു.

## വിജയപ്രഖ്യാപനവും പോരാട്ടവും



ആദ്യം വിജയപ്രഖ്യാപനം. അതിനുശേഷം പോരാട്ടം. ഇതാണു ദൈവത്തിന്റെ സ്ട്രാറ്റജി. ഇവിടെ അനിശ്ചിതാവസ്ഥ ഒട്ടുമില്ല. കാൽവരി യാഗത്തിലൂടെ അർപ്പിച്ച തന്റെ ശരീരരക്തങ്ങൾ മുൻകൂർ നൽകുന്നതാണു നാം സെഹിയോൻ മാളികയിൽ കാണുന്നത്. ശരീരവും രക്തവും എന്നാൽ തന്നെത്തന്നെ നൽകുന്ന ആത്മദാനം എന്നു സാരം.

ഓശാനയെക്കുറിച്ചും ഇതു തന്നെയാണു പറയാവുന്നത്. ഹോശന്ന എന്നതു രക്ഷിക്കണേ എന്ന നിലവിളിയാണ്. രക്ഷയ്ക്കുവേണ്ടിയുള്ള നിലവിളി നടത്തേണ്ടതു രക്ഷകന്റെ മുന്നിലാണ്. ഹോശന്ന വിളികളുടെ മധ്യത്തിൽ രക്ഷകനായി യേശു യെരുശലേം പട്ടണത്തിലേക്കു വരവേൽക്കപ്പെടുകയാണ്. ഒരു യുദ്ധം ജയിച്ചുവരുന്ന ജേതാവിന്റെ തലയെടുപ്പോടെയാണു യേശു യെരുശലേമിലേക്ക് എഴുന്നള്ളുന്നത്.

യെരുശലേം ദൈവരാജ്യത്തിന്റെ തലസ്ഥാനമാണ്. ദൈവത്താൽ അയയ്ക്കപ്പെട്ട ക്രിസ്തുവിനെ നേതാവായി അംഗീകരിക്കുന്നവരുടെ കൂട്ടായ്മയാണു ദൈവരാജ്യം. ദൈവഹിതത്തിനു സമർപ്പിച്ചവരും ദൈവാത്മാവിനാൽ നയിക്കപ്പെട്ടവരുമാണു ദൈവരാജ്യത്തിലുള്ളത്.

മനുഷ്യാവസ്ഥയിൽ മനുഷ്യരോടുകൂടെ തന്റെ വിജയം കൊണ്ടാടാൻ യേശു തെരഞ്ഞെടുത്ത അവസരമാണ് ഹോശന്ന. തന്റെ നേതൃത്വം യേശു അനിഷേധ്യമായ വിധം പ്രഖ്യാപിക്കുകയും അത് അംഗീകരിക്കുന്ന ഒരു ദൈവജനത്തെ അണിനിരത്തുകയുമാണിവിടെ. ഈ ജനത്തെ നിശബ്ദരാക്കണമെന്നു പ്രധാനികൾ പറയുമ്പോൾ, യേശു വെല്ലുവിളിക്കുകയാണ്, ഇവർ നിശബ്ദരായാൽ ഈ കല്ലുകൾ എഴുന്നേറ്റുവന്നു ദൈവത്തിനു സ്തുതി പാടുമെന്ന്. യേശുവിനെ തടയാൻ ആർക്കും കഴിഞ്ഞില്ല.

പിന്നീട് യേശു ശത്രുക്കളുടെ കരങ്ങളിലേക്കു സ്വയം വിട്ടുകൊടുത്തുകൊണ്ട് പോരാട്ടം ആരംഭിച്ചു. അതു കുരിശിൽ പൂർത്തിയാക്കി വിജയം വരിച്ചു. വിജയിച്ചവനായ യേശു ഇന്നു നമ്മോടൊപ്പമുണ്ട്.

### നർമ്മാനുഭവം

## അത്ഭുതം: ചാക്കോവക

ചാക്കോ പല്ലുവേദന കൂടി മെഡിക്കൽ കോളേജിൽ ചെന്നു, ഡോക്ടർ നോക്കി, പല്ലുപറിക്കേണ്ടതുകൊണ്ട് മരപ്പിക്കാനുള്ള മരുന്ന് എഴുതി നേഴ്സിന്റെ കയ്യിൽ ചീട്ടുകൊടുത്തു. നേഴ്സ് കുത്തി വച്ചിട്ട് ചീട്ടിൽ എഴുതി "മരപ്പിച്ചു" എന്ന്. ചാക്കോയോട് അരമണിക്കൂർ പുറത്തിരിക്കാൻ പറഞ്ഞു.

ചാക്കോ വേദന കുറയാൻ ശക്തമായി പ്രാർത്ഥിച്ചു. വേദന കുറഞ്ഞാൽ സാക്ഷ്യം പറഞ്ഞേക്കാമേ എന്നൊരു നേർച്ചയും നേർന്നു. അത്ഭുതം, അല്പം കഴിഞ്ഞപ്പോൾ വേദനമാറി. ചാക്കോ ഹൃദയത്തിൽ ആനന്ദനൃത്തം ചവിട്ടി.

സാക്ഷ്യം പറയാനായി അടുത്തുള്ള അത്ഭുതകേന്ദ്രത്തിലേക്ക് ചാക്കോ വലിഞ്ഞുകയറി. അത് പേരുകേട്ട അനുഗ്രഹ–അത്ഭുതകച്ചവടകേന്ദ്രമായിരുന്നു. അവിടുത്തെ അതിഭയങ്കര അത്ഭുതദാസനോട് ചാക്കോ കാര്യങ്ങൾ വിശദീകരിച്ചു. അത്ഭുതദാസൻ പുതിയ ഒരു ഇരയെ കിട്ടിയ സന്തോഷത്തിൽ മനസറിയാതെ ദൈവത്തിനു നന്ദി പറഞ്ഞു. പ്രസംഗത്തിനിടയിൽ പേരു വിളിയ്ക്കാമെന്നും അന്നേരം സാക്ഷ്യം പറയാൻ അവസരം ഉണ്ടെന്നും പറഞ്ഞ് ആശ്വസിപ്പിച്ച് അത്ഭുതദാസൻ ഹാളിൽ ചാക്കോയെ പിടിച്ചിരുത്തി.

കുറെ കഴിഞ്ഞപ്പോൾ അല്പവിശ്വാസികളെയും ആർത്തി പണ്ടാരങ്ങളെയും കൊണ്ട് ഹാൾ നിറഞ്ഞു. ആട്ടവും പാട്ടും അലർച്ചയും കൊണ്ട് മുഖരിതമായ അന്തരീക്ഷത്തിൽ അത്ഭുതദാസൻ ചാക്കോയുടെ പേരുവിളിച്ചു. മോണയിൽ ക്യാൻസറായിരുന്ന ചാക്കോയ്ക്ക് കിട്ടിയ അത്ഭുത സൗഖ്യത്തെക്കുറിച്ച് അത്ഭുതദാസൻ വിശദീകരിച്ചപ്പോൾ ചാക്കോ അറിയാതെ ഒന്നു ഞെട്ടി. ഉള്ളിൽ വന്ന വികാരം ഉള്ളിൽതന്നെ ഒതുക്കിക്കൊണ്ട് ചാക്കോ പൊടിപ്പും തൊങ്ങലും വച്ച് ക്യാൻസർ സൗഖ്യമായ വിവരം ഉറക്കെ പ്രഖ്യാപിച്ചു. കുളിരുകോരിയ ജനം സ്തുതിപാടി അത്ഭുതദാസനെ പുകഴ്ത്തി ഏതൊക്കെയോ ഭാഷകളിൽ ആനന്ദനൃത്തം ചവിട്ടി. സാക്ഷ്യം പറയാൻ വന്നിരുന്ന ബംഗാളികൾ മാത്രം മൗനമായിരുന്നു. അതേ മീറ്റിംഗിൽ വച്ചുതന്നെ ചാക്കോയ്ക്ക് നിരവധി സ്റ്റേജുകളിൽ സാക്ഷ്യം പറയാൻ അവസരം ലഭിച്ചു. എല്ലാം കഴിഞ്ഞ് സന്തോഷത്തോടെ ചാക്കോ വീട്ടിൽ പോയി.

രാത്രിയായപ്പോൾ കുത്തിവച്ചതിന്റെ മരവിപ്പുമാറി വേദന കലശലായി. രാത്രി സഹിച്ചുകിടന്നു. രാവിലെ വീണ്ടും ആശുപത്രിയിൽ വന്നു. പഴയ ചീട്ട് ഡോക്ടറെ കാണിച്ചു. മരപ്പിച്ചിട്ടുണ്ട് എന്ന് അതിൽ എഴുതിയിരുന്നതിനാൽ കയറിയിരുന്നോളാൻ ഡോക്ടർ പറഞ്ഞു. കേടായ പല്ലിൽ ഡോക്ടർ ചവണകൊണ്ട് ഒരു പിടി പിടിച്ചു. ചാക്കോ ഒരലർച്ചയോടെ പുറത്തേക്ക് ഓടി. അലറിവിളിച്ച് അത്ഭുത കേന്ദ്രത്തിലേക്ക് ഓടിവരുന്ന ചാക്കോയെ കണ്ട് അത്ഭുതദാസനും അല്പവിശ്വാസികളും അന്തംവിട്ടിരുന്നു.

വേദാഭിമാനി

### ഡയലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺ഒരു വിശ്വാസി തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുക എന്നുവച്ചാൽ അതിൽ വചനവിരുദ്ധമായി എന്താണുള്ളത്.

*ഓമന ബേബി, വെള്ളകുളങ്ങര, മണക്കാല, അടൂർ.*

☹**സ്ഥാനത്തോടുള്ള ആർത്തി.**

☺ യോസേഫിനെ ഭരണാധികാരിയാക്കിയ ദൈവം ഇന്നും ഒരുവനെ ജനനേതാവാക്കില്ലായെന്നു പറയാൻ കഴിയുമോ.

*ഷാജി സ്കറിയാ, ഗോൾഡൻ നഗർ, കൊരട്ടി, തൃശൂർ*

☹**കള്ളപണം ഇറക്കി ഫ്ളെക്സ് അടിച്ച് വോട്ടുതെണ്ടിയാണോ യോസേഫ് ഭരണാധികാരിയായത്.**

☺പെന്തക്കോസ്തുകാരൻ സ്ഥാനാർത്ഥിയുടെ വില കുറച്ചു കാണരുത്.

*ഫേബാ റെജി, മാമങ്കലം, പാലാരിവട്ടം, കൊച്ചി.*

☹**ഉറുമ്പിന് 'ഇറവെള്ളം' സമുദ്രം, ഉടുമ്പിന് "ഇടവഴി" എൻ. എച്ച്. 47**

☺ ഒരു വിശ്വാസി മുഖ്യമന്ത്രിയായാൽ എല്ലാം 'ശരി'യാകുമോ.

*ജോളി ജോർജ്ജ്, ഉമ്മന്നൂർ, പറക്കോട്,കൊട്ടാരക്കര*

☹**'ശശി'യാകും എന്നതാണനുഭവം**

☺ക്രിസ്മസ്, നബിദിനം, ഓണം തുടങ്ങിയ ആഘോഷങ്ങൾ വേർതിരിവില്ലാതെ എല്ലാവരും ഹോളിഡേയായി ആഘോഷിക്കുന്നു. ഈ ആഘോഷംപോലെ എല്ലാവരും ഒന്നിച്ചുനിന്നാൽ.


*അനിജ റോയി, കടയ്ക്കം, ചിറയിൻകീഴ്, തിരുവനന്തപുരം.*

☹ **ശരിക്കും റിപ്പബ്ലിക്ക് ഡേ ആഘോഷിക്കാം**

☺കൺവൻഷനുകളെ നിങ്ങൾ പരിഹസിക്കുന്നതിന് കാരണം.

*പി.എം.കോശി, തലയോലപറമ്പ്, വടകര, നീർപ്പാറ*

☹ **പ്രസംഗകർക്ക് പണമുണ്ടാക്കാനും വിശ്വാസികൾക്ക് വിനോദത്തിനുമുള്ള പരിപാടിയായി ഇത് അധഃപതിച്ചതുകൊണ്ട്.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew